സക്കാരി സിംഹാസനം

പുതുക്കിയ നിർദ്ദേശമനുസരിച്ചു ഇരുമ്പുസേഫ്സ് ക്കാരി ഉപയോഗിക്കണമെന്നുള്ളതിനാൽ കാട്ടസക്കാരിയു ടെ ഉള്ളിൽ ഇരുമ്പുസേഫ് ഫിറ്റുചെയ്യേ ബോംട്ടിൽ ഉറ പ്പിച്ച പണിതീർത്തുകൊടുക്കുന്നു.

A N T JOSEPH (Phone: 6) Metal works, VALAPAD

1965-ൽ നല്ലിയ സ്ഥലങ്ങളും:- പാലക്കാട്, മമ്മി യൂർ, കല്ലോറകര, മാലക്കടി, പൊയ്യ, പുളിയിലക്കുന്ന് കരാഞ്ചിറ, കാലടി, കോതമംഗലം, പെരുമ്പുള്ളിശ്ശേരി, ഇരിഞ്ഞാലക്കുട, ചേപ്പ്, എറണാകുളം Etc

Reg: No K. 51

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്കു

വാരാന്ത്യപ്പതിപ്പ്

	പോസ്റ്റ്ഓഫീ	പോസ്റ്റ്വരി
ഒരു കൊല്ലത്തേയ്ക്കു്	27_00	6_00
6 മാസത്തേയ്ക്കു്	13_50	3_00
1 മാസത്തേയ്ക്കു്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്കു്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഫാറപ്രതി	0_07	0_10

മാനേജർ.

പുസ്തകം 12 | ലക്കം 112 | 1965 ഏപ്രിൽ 28 ബുധൻ | തൃശ്ശൂർ | വില 7 പൈസ | പേജ് 4

രാജ്യത്തിന്റെ ശത്രുക്കളെ നിർദ്ദയം നേരിടും

രാഷ്ട്രം ഒറ്റക്കെട്ടായി സൈന്യത്തിനു പിന്നിൽ അണിനിരക്കുക

ലോക് സഭയിൽ ആഭ്യന്തരവകുപ്പുമന്ത്രി നന്ദയുടെ പ്രസ്താവന

(പി. ടി. ഐ.) ന്യൂഡെൽഹി, ഏ. 27

ഏതു വേഷത്തിൽ വന്നാലും രാജ്യത്തിന്റെ ശത്രുക്കളെ നിർദ്ദയം നേരിടുമെന്നും അഴിഞ്ഞാട്ടം അനുവദിക്കില്ലെന്നും ആഭ്യന്തരമന്ത്രി നന്ദ ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

പാക് ആക്രമണം രാജ്യത്തു് ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഉളവാക്കിയിട്ടുണ്ടെന്നും രാഷ്ട്രം ഒറ്റക്കെട്ടായി ഈ നിമിഷത്തിൽ സൈന്യത്തിന്റെ പിന്നിൽ അണിനിരക്കണമെന്നും അദ്ദേഹം പറഞ്ഞു. വർഗ്ഗീയ വിദ്വേഷമോ നിയമരാഹിത്യമോ കത്തിപ്പൊക്കുന്ന ആരേയും വെറുതെ വിടില്ല.

തന്റെ വകുപ്പിനുവേണ്ടിയുള്ള ധനാഭ്യർത്ഥനയെപ്പറ്റി നടന്ന വാദപ്രതിവാദത്തിനു മറുപടി പറയുന്നതിനിടയിൽ കച്ചു് അതിത്തിയിലെ പാക് അക്രമണത്തെ പരാമർശിക്കുകയായിരുന്നു നന്ദ.

രാജ്യത്തെ എല്ലാ മാത്സര്യങ്ങളും ഭിന്നതകളും അവസാനിപ്പിക്കാൻ നന്ദ ആഹ്വാനംചെയ്തു. എല്ലാ പ്രശ്നങ്ങളും മറ്റു വിട്ടുകൊടുത്തുകൊണ്ടു് ഇപ്പോഴുള്ള ഐക്യത്തിന്റെ അർത്ഥം. നിഷ്ക്രിയമായ പരിഹാരത്തിനുള്ള പോംവഴികളും നുക്കാരായണം. അന്തർദേശീയമായ ഏതെങ്കിലുമൊരു കക്ഷിക്കു് പ്രതികൂലമായി വന്നാൽ അവർ നിയമം സ്വന്തം കയ്യിലെടുക്കരുതു്. ഭാഷ, മതം, സമുദായം, രാഷ്ട്രീയ പാർട്ടി തുടങ്ങിയ എല്ലാത്തരത്തിലുള്ള പ്രശ്നങ്ങളെപ്പറ്റിയുമാണു് ഞാനിതു പറയുന്നതു്.

രാഷ്ട്രം ഒരു അഗ്നിപരീക്ഷയിലൂടെ കടന്നുപോവുകയാണു്. അതു് എത്രനാൾ നീർഘിക്കുമെന്നു് ആർക്കും പറയാനാവില്ല. വികാരങ്ങളെ നിയന്ത്രിച്ചുകൊണ്ടു് നാം സമചിത്തതയോടെ വർത്തിക്കണം. നമ്മുടെ ഭദ്രതയെ അലട്ടുന്ന ഭീഷണികൾ എവിടെനിന്നായാലും അതിനെ നേരിടണം. അതിൽ നാം വിജയം വരിക്കും. ഈ പ്രക്രിയയിലൂടെ രാഷ്ട്രത്തിനു് ഒരു പുതിയ ഉണർവ്വ് ലഭിക്കും; പുതിയ വളർച്ചയും പുതിയ ദാർഢ്യവും നമുക്കു സിദ്ധിക്കും.

പാകിസ്ഥാന്റെ വെല്ലുവിളിയെ നേരിടാൻ പല പ്രതിപക്ഷമെമ്പർമാരും ഗവണ്മെണ്ടിനു നൽകിയ പിന്തുണ തികച്ചും ഹൃദയസ്പർശിയാണെന്നു് നന്ദ പറഞ്ഞു. കൈകോർത്തു പിടിച്ചു് ഒറ്റക്കെട്ടായി മുന്നോട്ടു പോകുവാൻ പാകിസ്ഥാനെ ആക്രമണത്തിനു തയ്യാറാണെന്നു് അവർ പ്രഖ്യാപിച്ചിരിക്കയാണു്.

ആക്രമണത്തിന്റെ ഉഗ്രതയെ അഭിമുഖീകരിക്കുന്ന നമ്മുടെ സൈന്യത്തിന്റെ പിന്നിൽ നാമും ഉറച്ചുനിൽക്കണമെന്നു് പ്രഖ്യാപിക്കണം. നമ്മുടെ വിചാരങ്ങളും നമ്മുടെ ഹൃദയങ്ങളും അവരോടൊപ്പമുണ്ടെന്നു് അവർക്കു് ഊഹിച്ച വിശ്വസിക്കാം. ഇതു് വെറും വാചകമടിക്കാരല്ല. ഗുരുതരമായ ഒരു അടിയന്തിരാവസ്ഥയിലാണു് തങ്ങളെന്നു പ്രവർത്തിക്കുന്നതെന്നു് വ്യക്തമാകത്തക്കവിധം ഗവണ്മെണ്ടിന്റെ എല്ലാ തലങ്ങളും നീങ്ങണം. ഗവർമ്മെണ്ടുമായി ബന്ധപ്പെട്ട കാരോത്തരും അവരുടെ പരമാവധി കഴിവുകൾ വിനിയോഗിക്കുകയും സത്യസന്ധമായ നേതൃത്വത്തിനേയും കാര്യക്ഷമതയുടേയും ചൈതന്യം അതിന്റെ എല്ലാ തുറകളിലും പ്രകടമാക്കുകയും ചെയ്യണം.

....

കച്ചു് സംഘട്ടനം ഗുരുതരം

— ഉതാണ്ടു്

ലണ്ടൻ ഏ. 27

റാൺ ഓഫ് കച്ചിലെ ഇന്ത്യാ-പാക്കു് സംഘട്ടനത്തെ ഗുരുതരമാണെന്നു് ഇന്നലെ രാത്രി ന്യൂയോർക്കിൽ നിന്നു് ഇവിടെ എത്തിയ ഐക്യരാഷ്ട്രസംഘടനാ സിക്രട്ടറി ജനറൽ ഉതാണ്ടു് പ്രസ്താവിച്ചു.

പക്ഷെ അതു് പരക്കുമെന്നു് താൻ കരുതുന്നില്ലെന്നു് അദ്ദേഹം തുടർന്നു പറഞ്ഞു. ഈ സംഘട്ടനത്തിന്റെ ഭവിഷ്യത്തുകളെപ്പറ്റിയുള്ള ബോധം ഇന്ത്യക്കും പാക്കിസ്ഥാനുമുണ്ടു്.

വിയറ്റ്നാം പ്രശ്നം

വിയറ്റ് നാം യുദ്ധത്തെ പരാമർശി ച്ചുകൊണ്ടു് സൈനിക നടപടികളിൽ കൂടി ആ പ്രശ്നത്തിനു് ഒരു പരിഹാരം കാണുവാൻ സാദ്ധ്യമല്ലെന്നു് സിക്രട്ടറി ജനറൽ പറഞ്ഞു. കഴിഞ്ഞ 10 ദിവസത്തിനുള്ളിൽ അവിടത്തെ സ്ഥിതിഗതികളും വഷളായിട്ടുണ്ടു്. പ്രശ്നത്തിനു് സമാധാനപരമായ ഒരു പരിഹാരം കാണുന്നതിനു് ബന്ധപ്പെട്ട പ്രമുഖകക്ഷികളുമായി സമ്പർക്കപുലത്തിലിരിക്കുന്നുണ്ടു് ഉചിതമായ ശ്രമങ്ങളും താൻ നടത്തുന്നുണ്ടു്.

കമ്പോഡിയയെ സംബന്ധിക്കുന്ന ഒരു സമ്മേളനം ബ്രിട്ടനും, റഷ്യയുംകൂടി വിളിച്ചുകൂട്ടുകയും ആ അവസരത്തിൽ വിയാറ്നാം പ്രശ്നംകൂടി ചർച്ചചെയ്യുകയും വേണമെന്നു ബ്രിട്ടീഷു വിദേശകാര്യസിക്രട്ടറിയുടെ നിർദ്ദേശത്തെപ്പറ്റി ചോദിച്ചപ്പോൾ അതു് വളരെ ഉപകാരപ്രദമായിരിക്കുമെന്നു് ഉതാണ്ടു് പറഞ്ഞു.

യു. എൻ. ഏജൻസികളുടെ ഏകീകരണത്തെസംബന്ധിക്കുന്നഭരണസമിതിയുടെ വാഷിംഗ്ടണിൽ സംബന്ധിക്കുന്നതിനു് ഉതാണ്ടു് ഇന്നു വിമാനമാർഗ്ഗം വിയന്നയിലേക്കു് പോയി.

—o—

രാഷ്ട്രീയനിലവാരത്തിലുള്ള അഭിമതിക്കേസുകൾ ഒരു സ്വതന്ത്ര ഏജൻസിയെ ഏല്പിക്കുമെന്നു് നന്ദ

[പി. ടി. ഐ.) ന്യൂഡൽഹി, ഏ. 27

രാഷ്ട്രീയനിലവാരത്തിൽ ഭിന്നതയിൽ ഉണ്ടാകുന്ന അഭിമതി കേസുകൾ ഒരു സ്വതന്ത്ര ഏജൻസിയെ ഏല്പിക്കുന്നതാണെന്നു് ഇന്നു് ആഭ്യന്തരകാര്യമന്ത്രി മി. നന്ദ ഇന്നു് ലോക്സഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

തന്റെ വകുപ്പിലേക്കുള്ള ഉപധനാഭ്യർത്ഥനയിന്മേൽ നടന്ന വാദപ്രതിവാദങ്ങൾക്കു് മറുപടി പറയുകയായിരുന്നു അദ്ദേഹം.

"കർസാപാർ"ത്തിനുശേഷം ഇങ്ങനെയൊരു നിർമ്മാണത്തിലാണു് താനും പ്രധാനമന്ത്രിയും എത്തിച്ചേർന്നിരിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു.

ഓസാ കേസു് ഗവർമ്മെണ്ടു് കൈകാര്യം ചെയ്ത വിധത്തെ മി. നന്ദ ന്യായീകരിച്ചു. കാബിനറ്റു് കമ്മിറ്റിയുടെ സ്ഥാനത്തു് ഏതെങ്കിലുമൊരു സ്വതന്ത്ര സമിതിയാണു് പ്രവർത്തിച്ചിരുന്നതെങ്കിൽ തങ്ങളെടുത്തിരിക്കുന്നിനും വ്യത്യസ്തമായ ഒരു തീരുമാനത്തിലെത്തിച്ചേരുവാൻ ആ സമിതിക്കു് സാധിക്കുകയില്ലെന്നും അദ്ദേഹം പറഞ്ഞു.

....

തെരഞ്ഞെടുപ്പു് ഉടനെ നടത്തണമെന്നു് ചന്ദ്രശേഖരൻ

[പി. ടി. ഐ.) തിരു. ഏ. 27

അടുത്ത ആമാസത്തിനുള്ളിൽ കേരളത്തിൽ പൊതുതെരഞ്ഞെടുപ്പു നടത്തണമെന്നു് സംസ്ഥാന എസ്. എസ്. പി. പ്രെയർമാൻ മി. കെ. ചന്ദ്രശേഖരൻ ഇന്നു് ആവശ്യപ്പെട്ടു. തെരഞ്ഞെടുപ്പു് നീട്ടിവെക്കുന്നതിനുള്ള ഏതൊരു ശ്രമത്തേയും ശക്തിയായി എതിർക്കുമെന്നു് അദ്ദേഹം തുടർന്നുപറഞ്ഞു.

ഇന്നവിടെ ആരംഭിച്ച പാർട്ടിയുടെ ഒരു പ്രത്യേക ലീഡിനു സംസ്ഥാനകൺവെൻഷൻ അദ്ദേഹം ഉൽഘാടനം ചെയ്യുകയായിരുന്നു.

ഇന്നത്തെ രാഷ്ട്രീയസ്ഥിതിയേയും, കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ ഫലങ്ങളേയുംപറ്റി കൺവെൻഷൻ ചർച്ചചെയ്യുന്നതാണു്. കൂടാതെ സംഘടനാപരമായ കാര്യങ്ങളും പരിഗണനക്കു് വരും. കൺവെൻഷനിൽ 160 ഓളം പ്രതിനിധികളും സംബന്ധിക്കുന്നുണ്ടു്.

ഇപ്പോഴത്തെ പ്രസിഡണ്ടു്തന്നെ നീട്ടിക്കൊണ്ടു് പോകുന്നതിനു് തന്റെ പാർട്ടി അനുവദിക്കുകയില്ലെന്നു് മി. ചന്ദ്രശേഖരൻ പറഞ്ഞു. മദ്യനിരോധനത്തിൽ അയവുവരുത്തുന്നതിനെ അദ്ദേഹം അനുകൂലിച്ചു. മദ്യനിരോധനം ഇവിടെ തികച്ചും ഒരു പരാജയമാണെന്നു് മുൻ കോൺഗ്രസ്-പി. എസ്. പി. കൂട്ടുമന്ത്രിസഭയിൽ മദ്യനിരോധന വകുപ്പിന്റെകൂടി മന്ത്രിയായിരുന്ന ചന്ദ്രശേഖരൻ പ്രസ്താവിച്ചു.

....

ആരോഗ്യ മന്ത്രിണിയുടെ കണ്ണുകൾ

(പി. ടി. ഐ.) ന്യൂഡൽഹി ഏ. 27

മരണാനന്തരം തന്റെ കണ്ണുകൾ ഐ ബേങ്കിനു് സംഭാവന നൽകുന്നതാണെന്നു് ആരോഗ്യകാര്യമന്ത്രി ഡോ: സുശീലനയ്യർ പ്രസ്താവിച്ചിരിക്കുന്നു.

ജി. ബി. പന്തു് ആസ്പത്രിയിൽ നടത്തപ്പെട്ട ഐബാങ്ക്ദിനാഘോഷത്തിൽ പങ്കെടുത്തുകൊണ്ടു് സംസാരിക്കവെയാണു് അവർ ഈ പ്രസ്താവന ചെയ്തതു്.

തങ്ങളുടെ കണ്ണുകളും മരണാനന്തരം ദാനംചെയ്യാമെന്നു് ആസ്പത്രിയുടെ ഡയറക്ടർ മേജർ ജനറൽ ബി. എം. ഭണ്ഡാരിയും ഡോ: യുഡ്വീർസിംഗും പ്രസ്താവിക്കുകയുണ്ടായി.

....

പാക്കു് ജഡ്ജിന്റെ നിരീക്ഷണം

[പി. ടി. ഐ.] ന്യൂഡൽഹി ഏ. 27

ജമ്മു-ചമ്പ് മേഖലകളുമായി തൊട്ടുകിടക്കുന്ന അന്താരാഷ്ട്രീയ അതിത്തിക്കടുത്തുള്ള പാക് പ്രദേശത്തിന്റെ മുകളിൽ 15-മിനുട്ടോളം ഒരു പാക് ജഡ്ജി പറക്കുന്നതു് കാണുകയുണ്ടായി. ഒരു നിരീക്ഷണപറക്കലിലാണു് വിമാനം ഏർപ്പെട്ടിരുന്നതെന്നു് കരുതപ്പെടുന്നു.

....

കോൺഗ്രസ്സ് സെമിനാർ

തിരു. ഏ. 27

അടുത്തമാസത്തിന്റെ ആദ്യപകുതിയിൽ കോൺഗ്രസ്സിന്റെ മൂന്നു് മേഖലാ സെമിനാറുകൾ നടത്തുന്നതാണെന്നു് കെ. പി. സി സി. പ്രസിഡണ്ടും കെ. സി. അബ്രഹാം ഇന്നിവിടെ പ്രസ്താവിച്ചു. പൊതുജനങ്ങളുമായി സമ്പർക്കം പുലർത്തുന്നതിനു് കോൺഗ്രസ്സ് പ്രവർത്തകരെ സജ്ജമാക്കുകയെന്നതാണു് ഈ സെമിനാറുകൾക്കു് ശേഷം ജില്ലാസെമിനാറുകളും നടത്തുമെന്നു് മി അബ്രാഹം പറഞ്ഞു.

പി ടി ഐ

ആക്രമണത്തെ അചഞ്ചലമായി നേരിടും

— ശാസ്ത്രി

(പി. ടി. ഐ.) ന്യൂഡൽഹി, ഏ. 27

സിന്ധു-കച്ചു് അതിത്തിയിലെ സ്ഥിതിഗതികൾ ഗുരുതരമായ അവസ്ഥയിൽ എത്തിയിട്ടുണ്ടെന്നും പ്രധാനമന്ത്രി ലാൽബഹദൂർശാസ്ത്രി ഇവിടെ പ്രസ്താവിച്ചു. ദൃഢമായും കാര്യക്ഷമമായും ഇന്ത്യ അതിനെ നേരിടുമെന്നും അദ്ദേഹം തുടർന്നുപറഞ്ഞു.

ആസ്സാം ടിബ്ബുണിന്റെ രജതജൂബിലി ആഘോഷത്തിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു.

ഇന്ത്യക്കെതിരായി ആക്രമണങ്ങൾ നടത്തുകയും അതേസമയത്തിൽ നമ്മുടെ സ്വന്തം ഭൂമിയിൽനിന്നു് നമ്മുടെ സേനകൾ പിൻവലിക്കണമെന്നു് ആവശ്യപ്പെടുന്നതിനുള്ള ധാർമ്മികമായ അവകാശം പാക്കിസ്ഥാനുണ്ടു്. ഇതു് വെറും വാചകമടിക്കാരല്ല. ഗുരുതരമായ ഒരു അടിയന്തിരാവസ്ഥയിലാണു് തങ്ങളെന്നു പ്രവർത്തിക്കുന്നതെന്നു് വ്യക്തമാകത്തക്കവിധം ഗവണ്മെണ്ടിന്റെ എല്ലാ തലങ്ങളും നീങ്ങണം. ഗവർമ്മെണ്ടുമായി ബന്ധപ്പെട്ട കാരോത്തരും അവരുടെ പരമാവധി കഴിവുകൾ വിനിയോഗിക്കുകയും സത്യസന്ധമായ നേതൃത്വത്തിനേയും കാര്യക്ഷമതയുടേയും ചൈതന്യം അതിന്റെ എല്ലാ തുറകളിലും പ്രകടമാക്കുകയും ചെയ്യണം.

പാക് നിദ്ദേശം അംഗീകാര്യമല്ല

സമാധാനത്തിനുവേണ്ടിയാണു് ഇന്ത്യ എപ്പോഴും നിലകൊണ്ടിട്ടുള്ളതെന്നു് പ്രധാനമന്ത്രി പറഞ്ഞു. പാക്കു് നിർഭാഗ്യവശാൽ ഇന്ത്യൻസങ്കേതങ്ങളിടനേരെ പാകിസ്ഥാൻ വെടിയുണ്ടകളും വർഷിക്കുകയും ഇന്ത്യൻസേനകളെ ആക്രമിക്കുകയും ചെയ്യുന്നു. ഒരു പ്രത്യേക സ്ഥിതിവിശേഷമാണു് ഇന്നിന്റെ ഫലമായി ഉളവായിട്ടുള്ളതു്. ഈ ഭാഗത്തുനിന്നു് ഇരുരാഷ്ട്രങ്ങളും പിൻവലിക്കണമെന്നാണു് ഇപ്പോൾ പാക്കിസ്ഥാൻ നിർദ്ദേശിക്കുന്നതു്. പക്ഷെ നാമതു് അംഗീകരിക്കുകയെന്നതു് തികച്ചും നീതീകരിക്കുവാൻ കഴിയാത്ത തെറ്റായ ഒരു കാര്യമാണു്.

ഈഭാഗം മുഴുവൻ തങ്ങളുടേതാണു്, ഇന്ത്യൻയൂണിയനന്മായി കൂടിച്ചേർത്തുമുൻ കച്ചു്സ്റ്റേറിന്റെ ഒരു ഭാഗമാണുതു്. കാഞ്ചാർ കോട്ടാകട്ടെ, മറേറതെങ്കിലും ഭാഗമാകട്ടെ അതും മുൻ കച്ചു് സ്റ്റേറിന്റെ ഭാഗമെന്ന നിലക്കു് നമുടേതാണു്. സമാധാനത്തിനുവേണ്ടിയുള്ള ആഗ്രഹംകൊണ്ടാണു് കരുതിമുമ്പു് പാകിസ്ഥാൻവെച്ച നിർദ്ദേശങ്ങളും ഇന്ത്യ സ്വീകരിച്ചതു്. ആ നിർദ്ദേശങ്ങളും ഒന്നും വെടിനിർത്തലും, രണ്ടു് സ്റ്റാറസ്കോ എങ്ങിനെ പുനസ്ഥാപിക്കാമെന്നതും മൂന്നു് അതിത്തിപ്രശ്നങ്ങളും മാരക ചർച്ചചെയ്യുന്നതിനുള്ള ഒരു ഉന്നതതലസമ്മേളനം കൂടുകയെന്നതും ആയിരുന്നു.

ആക്രമണവും ചർച്ചയും

എന്നാൽ നിർഭാഗ്യവശാൽ പാക്കിസ്ഥാൻ ഇന്ത്യൻസങ്കേതങ്ങളെ ആക്രമിക്കുവാൻ ആരംഭിച്ചിരിക്കുകയാണു്. എന്നാൽ അവർ ആവശ്യപ്പെടുന്നതു് ഇരുഭാഗത്തേയും സേനകളും പിൻവാങ്ങണമെന്നാണു്. ഇത്തരമൊരു നിർദ്ദേശം നുക്കു് പരിഗണിക്കുവാൻ സാധ്യമല്ലെന്നുള്ളതു് വ്യക്തമാണു്.

ഏതെങ്കിലും ഒരു ഭാഗത്തു് അതിത്തി നിർണ്ണയം നടന്നിട്ടില്ലെങ്കിൽ അതിനെ സംബന്ധിച്ചു് സമാധാനപരമായി പരിഗണിക്കാവുന്നതാണു്. എന്നാൽ നമ്മുടെ ഭൂമിയിലേക്കു് ആക്രമിച്ചുകടന്നുകൊണ്ടു് ഇത്തരം പ്രശ്നങ്ങൾ ചർച്ചചെയ്യാമെന്നു് പറഞ്ഞാൽ അതു് നുക്കു് അംഗീകരിക്കുവാൻ സാധ്യമല്ല.

എന്തായാലും ഈ സ്ഥിതിവിശേഷം നമ്മുടെ മനസ്സിലുണ്ടു്. അതിനെ ദൃഢതയോടെ, കാര്യക്ഷമമായും നുക്കു് നേരിടേണ്ടതുണ്ടു്.

പാക്കു് വിമാനങ്ങൾ പടമെടുക്കുന്നു

[പി. ടി. ഐ] ന്യൂഡൽഹി ഏ. 27

കഴിഞ്ഞ ഏതാനും ആഴ്ചകളായി കച്ചു്-സിന്ധു് അതിത്തിയിൽ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്ന പാക്കു് സേന ഇന്ത്യൻ ഭാഗത്തെ ചിത്രങ്ങൾ എടുക്കുന്നതിനു് വിമാനമുപയോഗിക്കുന്നുണ്ടെന്നു് ഒരു ഔദ്യോഗികവക്താവു് ഇവിടെ പ്രസ്താവിച്ചു.

ഈ വിമാനങ്ങൾ ഇന്ത്യൻ പ്രദേശത്തു് അതിക്രമിച്ചു കടന്നവോ എന്നു ചോദ്യത്തിനു്, ഇന്ത്യൻ ഭാഗത്തെ ചിത്രങ്ങൾ എടുക്കുന്നതിനു് മാത്രമാണു് നിന്നുകൊണ്ടതെന്നു സാധ്യമാണെന്നു് വക്താവു് മറുപടി പറഞ്ഞു. ഇന്ത്യൻ പ്രദേശങ്ങളിലേക്കു് ഈ വിമാനങ്ങൾ കടന്നുവന്നിട്ടില്ലെന്നാണു് അറിവു്.

ടാങ്കുകൾ ഉപയോഗിച്ചു

ബിയർബെറാറിനുനേരെ ഞായറാഴ്ചയുണ്ടായ ആക്രമണത്തിൽ പാക്കു്സേന മൂന്നു ടാങ്കുകളും മൂന്നു് കവചിത സൈനിക വാഹനങ്ങളും ഉപയോഗിക്കുകയുണ്ടായി. ഒരു കവചിതവാഹനത്തിനു് വെടിയേറ്റതു് കാണുകയുണ്ടായി. ആ വാഹനം നശിച്ചുവൊ എന്നു പറയുവാൻ വയ്യ. ഒരുപക്ഷെ അതു് വലിഞ്ഞിഴഞ്ഞു് സങ്കേതത്തിൽ തിരിച്ചെത്തിയിട്ടുണ്ടാവാം.

പാക്കുകാരുടെ പിന്നിൽനിന്നുകൊണ്ടു നടത്തിയ ഈ ആക്രമണത്തെ ഇന്ത്യൻ കമ്പനി പുറകോട്ടടിപ്പിച്ചു. ശത്രു വടക്കു്-കിഴക്കൻ ഭാഗത്തേക്കു് പിൻവാങ്ങി. ബിയർബെറാറിനുനേരെ ഒരു ബ്രിഗേഡു് ശക്തിയോടെ നടന്ന പാക്കു് ആക്രമണത്തെപ്പറ്റി പ്രതിരോധമന്ത്രി ചവാൻ ലോകസഭയിൽ പ്രസ്താവിച്ചതിൽ കൂടുതലായ വിവരങ്ങൾ ഒന്നുതന്നെ വൈകുന്നേരംവരെ കിട്ടിയിട്ടില്ലെന്നു് വക്താവു് പറഞ്ഞു.

ജംനഗറിൽ ഇന്ത്യയുടെ ഒരു ഖോഖർ സ്ക്വാർഡൻ നിലയുറപ്പിച്ചിട്ടുണ്ടെന്നുള്ള പാക്കു് റിപ്പോർട്ടിനെ വക്താവു് നിഷേധിച്ചു.

പാക്കു് ഹൈക്കമ്മീഷന്റെ പ്രചരണം

ആക്രമണത്തെ സംബന്ധിച്ചു് ഇന്ത്യാഗവണ്മെണ്ടു് പറഞ്ഞിട്ടുള്ളതിനെല്ലാം വിരുദ്ധമായി ഡൽഹിയിലെ പാക്കു് ഹൈക്കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള പത്രക്കുറിപ്പുകളിലേക്കു് വക്താവിന്റെ ശ്രദ്ധതിരിച്ചുകൊണ്ടു്, കച്ചിയിലെ ഇന്ത്യൻ ഹൈക്കമ്മീഷനും ഇന്ത്യാഗവണ്മെണ്ടിനേയും നിഷ്പ്രഭമാക്കുന്ന പത്രക്കുറിപ്പുകളും വിതരണം ചെയ്യുവാൻ അനുവദിക്കുണ്ടോ എന്നു ചോദ്യത്തിനു് കാച്ചിയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ യാഥാർത്ഥ്യങ്ങൾ അടങ്ങിയ പത്രക്കുറിപ്പുകളും വിതരണം ചെയ്യുന്നുണ്ടെന്നും, അങ്ങിനെ ചെയ്യുന്നതിനു തടസ്ഥാപ്പെടുത്തുന്നുണ്ടോ എന്നു് തനിക്കു് വിവരം കിട്ടിയിട്ടില്ലെന്നും വക്താവു് പറഞ്ഞു. എന്നാലും ഇത്തരം കാര്യങ്ങളിൽ ഇന്ത്യ ഉദാസീനമാണു്.

സ്വാതന്ത്ര്യത്തിനുമുമ്പു് ഇന്ത്യാ സർവ്വെ തയ്യാറാക്കിയിട്ടുള്ള എല്ലാ ഭൂപടങ്ങളിലും കാഞ്ചാർകോട്ടിനെ ഇന്ത്യൻ പ്രദേശമായിട്ടാണു് കാണിച്ചിട്ടുള്ളതു്. 1947 ആഗസ്റ്റിനുശേഷം പാക്കു് സ്ഥാൻ തയ്യാറാക്കിയിട്ടുള്ള ഭൂപടങ്ങളിൽ കാഞ്ചാർകോട്ടിനെ പാക്കു് പ്രദേശത്തു് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു് അപ്രസക്തമാണെന്നു് വക്താവു് പറഞ്ഞു.

പിടിച്ചെടുത്തതു് വിടില്ലെന്നു് പാകിസ്ഥാൻ

[എ. എഫ്. പി.) കറാച്ചി ഏ. 27

24-ാം സമാന്തരരേഖക്കു് വടക്കായുള്ള തക്കച്ചപ്രദേശം ഇന്ത്യൻ സേനയുടെ അധീനതയിൽ ഇരിക്കുന്നേടത്തോളം കാലം റാൺ ഓഫ് കച്ചു് പ്രശ്നത്തിനു് ഒരു വെടിനിർത്തൽ അംഗീകരിക്കുവാൻ പാക്കിസ്ഥാൻ ഒരുക്കമില്ലെന്നു് ഒരു പാക്കു് വിദേശകാര്യാലയ വക്താവു് ഇവിടെ പ്രസ്താവിച്ചു. തക്കച്ചപ്രദേശത്തെ ബെയിറാബെറാറിലും, മരാഡിലുമുള്ള ഇന്ത്യൻസങ്കേതങ്ങൾക്കു് ഇടയിലായി 20 കിലോ ഭാഗമാകട്ടെ അതും മുൻ കച്ചു് സ്റ്റേറിന്റെ ഭാഗമെന്ന നിലക്കു് നമുടേതാണു്. സമാധാനത്തിനുവേണ്ടിയുള്ള ആഗ്രഹംകൊണ്ടാണു് കരുതിമുമ്പു് പാകിസ്ഥാൻവെച്ച നിർദ്ദേശങ്ങളും ഇന്ത്യ സ്വീകരിച്ചതു്. ആ നിർദ്ദേശങ്ങളും ഒന്നും വെടിനിർത്തലും, രണ്ടു് സ്റ്റാറസ്കോ എങ്ങിനെ പുനസ്ഥാപിക്കാമെന്നതും മൂന്നു് അതിത്തിപ്രശ്നങ്ങളും മാരക ചർച്ചചെയ്യുന്നതിനുള്ള ഒരു ഉന്നതതലസമ്മേളനം കൂടുകയെന്നതും ആയിരുന്നു.

ആക്രമണവും ചർച്ചയും

എന്നാൽ നിർഭാഗ്യവശാൽ പാക്കിസ്ഥാൻ ഇന്ത്യൻസങ്കേതങ്ങളെ ആക്രമിക്കുവാൻ ആരംഭിച്ചിരിക്കുകയാണു്. എന്നാൽ അവർ ആവശ്യപ്പെടുന്നതു് ഇരുഭാഗത്തേയും സേനകളും പിൻവാങ്ങണമെന്നാണു്. ഇത്തരമൊരു നിർദ്ദേശം നുക്കു് പരിഗണിക്കുവാൻ സാധ്യമല്ലെന്നുള്ളതു് വ്യക്തമാണു്.

ഏതെങ്കിലും ഒരു ഭാഗത്തു് അതിത്തി നിർണ്ണയം നടന്നിട്ടില്ലെങ്കിൽ അതിനെ സംബന്ധിച്ചു് സമാധാനപരമായി പരിഗണിക്കാവുന്നതാണു്. എന്നാൽ നമ്മുടെ ഭൂമിയിലേക്കു് ആക്രമിച്ചുകടന്നുകൊണ്ടു് ഇത്തരം പ്രശ്നങ്ങൾ ചർച്ചചെയ്യാമെന്നു് പറഞ്ഞാൽ അതു് നുക്കു് അംഗീകരിക്കുവാൻ സാധ്യമല്ല.

എന്തായാലും ഈ സ്ഥിതിവിശേഷം നമ്മുടെ മനസ്സിലുണ്ടു്. അതിനെ ദൃഢതയോടെ, കാര്യക്ഷമമായും നുക്കു് നേരിടേണ്ടതുണ്ടു്.

ബ്യാർബെറാറിൽ യുദ്ധം നിലച്ചു

140 പാക് പട്ടാളക്കാർ കൊല്ലപ്പെട്ട

(പി. ടി. ഐ)

ന്യൂഡെൽഹി, ഏ 27

ഇന്നലെ രാവിലെ പാക്കി സ്ഥാൻകനത്തആക്രമണം നടത്തിയ ബ്യാർബെറാറിലെ യുദ്ധം അവസാനിച്ചിരിക്കുന്നതായി, ഒടുവിൽ ലഭിച്ച റിപ്പോർട്ടിൽ കാണുന്നുവെന്നും രാജ്യരക്ഷാമന്ത്രി കാര്യാലയത്തിലെ ഒരു വക്താവു് ഇന്നു രാവിലെ പറഞ്ഞു.

യുദ്ധത്തിൽ 6 പാക്കി സ്ഥാനി ടാങ്കുകളെങ്കിലും നശിപ്പിക്കപ്പെട്ടിട്ടുണ്ടു്. 140 പാക്കിസ്ഥാൻ പട്ടാളക്കാർ കൊല്ലപ്പെട്ടിട്ടുള്ളതായും ഈ വക്താവു് പറഞ്ഞു.

പാക്സേന വടക്കോട്ടു് പിൻവാങ്ങിയിട്ടുണ്ടെങ്കിലും അവരിപ്പോഴും ഇന്ത്യൻ പ്രദേശത്തുതന്നെയാണു്.

ഇന്ത്യൻ ഭാഗത്തു് മരിച്ചവരുടെ എണ്ണം പത്തിൽതാഴെയാണു്. ഇന്ത്യൻസേനകർച്ചതെക്കോഗത്തേക്കു് പിന്മാറിയിട്ടുള്ളതായും ഈ വക്താവു് പറഞ്ഞു.

ആകെ 300 പാക്പട്ടാളക്കാർ കൊല്ലപ്പെട്ട

ഏപ്രിൽ 9-ംതിയതി പാക്കിസ്ഥാനികൾ അതിർത്തിയിൽ ആരംഭിച്ച ആക്രമണത്തിന്റെ ഫലമായി ഇപ്പോൾ ഉണ്ടായ 140 ജീവനാശം ഉൾപ്പെടെ ചുരുങ്ങിയതു് 300 പാക്പട്ടാളക്കാർ കൊല്ലപ്പെട്ടിട്ടുണ്ടെന്നു് ഈ വക്താവു് അറിയിച്ചു

ഏപ്രിൽ 9-ം തിയതി ക്കു ശേഷം ഇന്ത്യൻഭാഗത്തു നിന്നും ആകെ 65 പട്ടാളക്കാരാണു് കൊല്ലപ്പെട്ടതു്. ഇതിൽ തടവുകാരായി പിടിക്കപ്പെട്ടവരും കാണാതായവരും ഉൾപ്പെട്ടിട്ടില്ല.

നാഴിക നാല്പ

തെഴിലാളി

പോസ്റ്റ്‌ബോക്സ് 90
ടെലഫോൺ 125

1965 ഏപ്രിൽ 28-നു ബുധൻ

തീവണ്ടിയാത്രക്കാർ

....o....

ഒരു രാഷ്ട്രത്തിന്റെ പുരോഗതി അവിടത്തെ 'റയിൽവേ'യെക്കൂടി യാണാശ്രയിച്ചിരിക്കുന്നതു്. സാധാരണക്കാർക്കു് നാടിന്റെ നാനാഭാഗങ്ങളിലേക്കും കുറഞ്ഞ ചിലവിൽ, സൗകര്യപ്രദമായി യാത്ര ചെയ്യുവാൻ തീവണ്ടിയാണു തരം. കച്ചവടക്കാർക്കും സാമൂഹ്യരാഷ്ട്രീയപ്രവർത്തകർക്കും മാത്രമല്ല, വിദ്യാർത്ഥികൾക്കും സഞ്ചാരികൾക്കുമെല്ലാം 'തീവണ്ടി'യാണാശ്രയം. നിർഭാഗ്യവശാൽ ഈ സത്യം നമ്മുടെ കേന്ദ്രഭരണാധികാരികൾക്കു് പലപ്പോഴും മനസ്സിലാക്കുവാൻ കഴിയാതെ വരുന്നു. എല്ലാ വർഷവും റെയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ, യാത്രക്കാരുടെ കൂട്ടം. അങ്ങനെ കൂട്ടത്തവഴങ്ങൾ തീരെച്ചുരുങ്ങും. കുലിക്കൂട്ടിത്തരുന്നതോടൊപ്പം യാത്രക്കാർക്കുള്ള സൗകര്യങ്ങൾകൂടി വർദ്ധിപ്പിക്കുവാൻ സർക്കാർ ഉത്സാഹിക്കേണ്ടതാണു്. സൗകര്യങ്ങളും വർദ്ധിപ്പിക്കുവാൻ തങ്ങളും ഉത്സാഹിക്കുമെന്ന മന്ത്രിമാരുടെ അവകാശവാദംമാത്രം കാറ്റിലാടിക്കളിക്കുന്നു.

കൃത്യസമയത്തു് തീവണ്ടികൾ ഓടിക്കുന്ന കാര്യത്തിൽ പറയത്തക്ക ശ്രദ്ധയൊന്നും റയിൽവേ അധികൃതർക്കില്ല. വണ്ടി കൃത്യസമയത്തു് ഓടിക്കുക, വിശേഷദിവസങ്ങളിൽ കൂടുതൽ കമ്പാർട്ടുമെന്റ് കൾ ഇടുക യാത്രക്കാരുടെ പരാതികളെപ്പറ്റി ശ്രദ്ധിക്കുക എന്നീ കാര്യങ്ങൾ അടിയന്തിരമായും റയിൽവേ രേണകത്താക്കളുടെ ഉള്ളിൽ തട്ടേണ്ട കാര്യങ്ങളാണു്.

എയർകണ്ടീഷൻഡ് കോച്ചുകളുടേയും ഇലക്ട്രിക്ക്, ഡീസൽ എൻജിനുകളുടേയും എണ്ണം അടുത്ത കാലത്തു് വർദ്ധിപ്പിച്ചിട്ടുണ്ട്, നല്ലതു തന്നെ. അതേ സമയം മൂന്നാം ക്ലാസ് യാത്രക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ട കാര്യത്തിൽ അധികൃതർ കാണിക്കുന്നില്ല. മൂന്നാം ക്ലാസ്സ് വെയിറ്റിംഗ് ഷെഡ്ഡുകളിൽ ഏറ്റവും കുറഞ്ഞ വിശ്രമസൗകര്യങ്ങളെങ്കിലും ഏർപ്പെടുത്തേണ്ടതാവശ്യമാണു്. തന്നെയുമല്ല പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ സഞ്ചാരികളുടെ സൗകര്യം വർദ്ധിപ്പിക്കുകയും വേണം. പ്ലാറ്റ്ഫോമുകൾക്കു മേൽക്കൂര നിർമ്മിക്കേണ്ടതോ അത്യാവശ്യമാണു്. ശുദ്ധജലവിതരണ സൗകര്യവും തീരെ പരിമിതമാണു്. ആരോഗ്യസംരക്ഷണപ്രവർത്തനങ്ങളും തീരെ പോരാ. മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യങ്ങളും സ്റ്റേഷനുകളിൽ വേണ്ടത്രപോലെ ഇല്ല.

ഓടക്കേയിന്ധ്യയിൽ ഓടുന്ന തീവണ്ടികളെക്കാളും പഴക്കം ചെന്ന വണ്ടികളാണു് തെക്കെ ഇന്ത്യയിലൂടെ കിതച്ചുകിതച്ചോടുന്നതു്. സതേൺ റയിൽവേയിലെ, ഏറ്റവും പഴയ വണ്ടികളാണു് കേരളത്തിലൂടെ ഇഴഞ്ഞുനീങ്ങുന്നതു്. കേരളത്തിന്റെ എല്ലാ ആവശ്യങ്ങളും ഡൽഹി വിഴുങ്ങിയിരിക്കുകയാണല്ലോ. അവളുടെ വ്യക്തിത്വംകൂടി നശിപ്പിച്ചിട്ടേ അടങ്ങുവെന്ന മട്ടിലാണു് വടക്കേ ഇന്ത്യയിലെ റേണത്തല വന്മാരുടെ നീക്കങ്ങൾ. അതിനു് താളംപിടിക്കുവാനും കുലിത്തല്ലുനടത്തുവാനും പണ്ടുമുതുത്തിയാർ ആളുകളെ ഇവിടെ സമ്പാദിക്കുവാനും അവർക്കു സാധിച്ചിട്ടുമുണ്ടു്. പുതിയൊരാകാശവും പുതിയൊരു ഭൂമിയും സൃഷ്ടിക്കുവാൻ എന്നെങ്കിലും കേരളനാഥനു കഴിയുമെന്നതാണു ഞങ്ങളുടെ ഉറച്ച വിശ്വാസം. കേരളത്തിലെ ജനങ്ങളിൽ ഉറഞ്ഞുകൂടിക്കിടക്കുന്ന ജനാധിപത്യചൈതന്യവും ഭീഷണികൊണ്ടു് അമർച്ച ചെയ്യുവാനുള്ളതല്ലല്ലോ. സാമ്പത്തികമായി പിന്നണിയിൽ കഴിയുന്ന കേരളത്തിന്റെ കാര്യത്തിൽ കേന്ദ്രസർക്കാർ കട്ടുത്ത അവഗണന കാണിക്കുന്ന കാര്യം ഞങ്ങളും പലതവണ മുണ്ടിക്കാണിച്ചിട്ടുള്ളതാണു്. പൊതുമേഖലയിൽ ആരംഭിക്കുന്ന വ്യവസായങ്ങളും കേന്ദ്രത്തിൽ പിടിയിലുള്ള സംസ്ഥാനങ്ങൾക്കു കൊടുക്കുന്ന ധിക്കാരപരമായ നയവും ഉടനടി തിരുത്തിയാൽ വർഷങ്ങളുടെ ചലതായി. സാമ്പത്തികമായും ശ്രദ്ധിക്കുള്ള ഇവിടത്തെ റയിൽവേ ചൊനിന്റെ പുരോഗതിയിൽ മാത്രമല്ല, സാസ്കാരണങ്ങളിലും പുരോഗതിക്ക വളർച്ച ഉണ്ടായിട്ടില്ലെന്നതാണു് സത്യം. ഈ ദുഃസ്ഥിതിക്കു നേരെ ഇക്കഴിഞ്ഞ ദിവസം പാകസഭയിൽ വിരൽചൂണ്ടി സംസാരിക്കുവാൻ ചില കേരളീയ എം. പി. മാർ തുനിഞ്ഞതായി പത്രത്തിൽ വായിച്ചു. പക്ഷേ 'ഡൽഹി'യിലെ 'മന്ത്രി'മാർ അതു കേട്ടുകാണുമോ? കേട്ടാലും അവഗണിക്കുകയാണല്ലോ പതിവു്. ഈ അവഗണന അപകടകരമായ പ്രതികരണങ്ങൾക്കും ഉണ്ടാക്കുമെന്നതാണു സത്യം. പക്ഷേ ഭരിച്ചു നശിക്കുകയെന്നതാണല്ലോ കോൺഗ്രസ്സിന്റെ പ്ലാൻ. എങ്കിലും തീവണ്ടികളുടെ കാര്യത്തിൽ സതേൺ റെയിൽവേ അധികൃതർ മനസ്സുവെച്ചാൽ ചിലതെല്ലാം നടക്കുമല്ലോ.

തീവണ്ടിയിലെ തിരക്കു് ഒഴിവാക്കുവാനുള്ള എന്തെങ്കിലുമൊരു പദ്ധതികൂടി നമുക്കു വേണം. അതിനു ദൈർഘ്യം കുറഞ്ഞ റൂട്ടുകളിൽ ഷട്ടിൽ സർവീസുകൾ കൂടുതലായി ഏർപ്പെടുത്തിയാൽ മതി. ആവശ്യമെന്നു തോന്നിയാൽ കൂടുതൽ കോച്ചുകൾ ഉപയോഗിക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ വേണ്ടതു ചെയ്യുവാൻ റെയിൽവേ അധികൃതർ സന്നദ്ധരാകുമെന്നു് ഞങ്ങൾ പ്രത്യാശിക്കുന്നു.

....o....

റേഡിയോ

ഏപ്രിൽ 28 ബുധൻ
തിരുവനന്തപുരം, കോഴിക്കോട്ട്, തൃശ്ശൂർ,
454.5, 441.2, 517.2 മീറ്റർ

കാലത്തു്
6_30 മംഗളവാദ്യം; സുഭാഷിതം
6_35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകൾ
6_40 വാർത്തകൾ ഇംഗ്ലീഷിൽ
6_45 ഭക്തിഗീതം
7_15 ഇന്നത്തെ ചിന്താവിഷയം
7_20 ഭക്തിഗീതം
7_30 വാർത്തകൾ മലയാളത്തിൽ
7_45 ഗാനപാഠം
8_00 വാർത്തകൾ ഇംഗ്ലീഷിൽ
8_15 നാഗസ്വരം
8_45 സമാപനം

ഉച്ചതിരിഞ്ഞു്
12_30 പ്രാദേശികവാർത്തകൾ
12_35 തൊഴിലാളികൾക്കിടയിൽ
1_05 നാഗസ്വരം
1_20 വാർത്തകൾ മലയാളത്തിൽ
1_30 ലളിതഗാനങ്ങൾ
1_40 വാർത്തകൾ ഹിന്ദിയിൽ
1_50 സുഗമസംഗീതം
2_00 കാലാവസ്ഥ

രാത്രി
5_30 വാസ്തുവിദ്യ
6_00 പ്രാദേശിക അറിയിപ്പുകൾ
6_05 പ്രാദേശികവാർത്തകൾ
6_15 നാട്ടിൻപുറം
7_00 വാർത്താവലോകനം
7_10 ചലച്ചിത്രഗാനങ്ങൾ
7_30 വാർത്തകൾ മലയാളത്തിൽ
7_45 സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകരോടു് അഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രത്യേക പരിപാടി
8_00 മലയാളപുസ്തകം
8_30 കവിതാലാപനം
8_45 സംഗീതം
8_50 ഇന്നത്തെ പാർലിമെന്റു്
9_00 വാർത്തകൾ ഇംഗ്ലീഷിൽ
9_15 വീക്ഷണം
9_30 ഡൽഹിറിലേ
9_45 രാഷ്ട്രപതി
9_50 വാസ്തുവിദ്യ
10_30 വാർത്തകൾ ഇംഗ്ലീഷിൽ
10_35 സമാപനം

....

പാക്കേജ് വാഗ്ദാനം നൽകുന്നു

പാലക്കാട്ട്, ഏ. 26

പാക്കേജ് വ്യവസ്ഥയിൽ കൃഷിക്കാർക്കു് ഏക്കറിനു് 75 രൂ. വെച്ചു പണമായും 75 കി. ഗ്രാ. രാസവളങ്ങൾ കിടനാശിനികൾ മുതലായവയും വിതരണം ചെയ്യുമെന്നു് പാക്കേജ് കൃഷി ജോയിന്റ് ഡയറക്ടർ അറിയിക്കുന്നു. ഈ സന്ദർഭത്തിൽ അടിവളമായി നാടൻവളങ്ങൾക്കു പുറമെ രാസവളങ്ങളും ഉപയോഗിക്കേണ്ടവിധം കൃഷിക്കാർ അറിഞ്ഞിരിക്കേണ്ടതു് നന്നു്. നിലം ഒരുക്കുമ്പോൾ ഏക്കറിനു് അവസാനത്തെ കരിച്ചാലിൽ 25 കിലോ അമോണിയം സൾഫേറോ് അഥവാ 12 കിലോ യൂറിയ, 80 കിലോ സൂപ്പർ ഫോസ്ഫേറോ്, 25 കിലോ മ്യൂറിയേറോ് ആഫ് പൊട്ടാഷ് എന്നീ രാസവളങ്ങളാണു് ചേർക്കേണ്ടതു്. ഈ വളങ്ങൾക്കു പകരം 90 കിലോ ഫാക്ടംഫോസ്ഫും, 25 കിലോ മ്യൂറിയേറോ് ആഫ് പൊട്ടാഷും ഉപയോഗിക്കാം.

....o....

ലോക്കപ്പു കൊലപാതകികൾക്കു് കർശന ശിക്ഷ നൽകണം

ഫോർട്ടുകൊച്ചി, ഏ. 27

സാമൂഹ്യസേവാസമിതിയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞദിവസം ഫോർട്ടുകൊച്ചി ചെറിയടത്തായതോട്ടു മൈതാനിയിൽവച്ചു് പി. കെ ഹംസ (കൗൺസിലർ) യുടെ അദ്ധ്യക്ഷതയിൽ ലോക്കപ്പു കൊലപാതകത്തിൽ പ്രതിഷേധിച്ചു് ഒരു യോഗം കൂടുകയുണ്ടായി. യോഗത്തിൽ കൊലപാതകത്തിനു ഉത്തരവാദികളായ സബ്ഇൻസ്പെക്ടർ മാർ മുതലായിയുടേയും കുട്ടാളികളുടേയും പേരിൽ കർശനനടപടികൾ കൈക്കൊള്ളാൻ കേന്ദ്ര-കേരള ഗവണ്മെന്റുകളോടും, പരേതന്റെ പാവപ്പെട്ട കുടുംബത്തെ സഹായിക്കുവാൻ മനുഷ്യസ്നേഹികളായ നാട്ടുകാരോടും, സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകരോടും അഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രമേയം അംഗീകരിച്ചു. ഖത്തർ മുഹമ്മദ് ഫണ്ടു് രൂപീകരിക്കുന്നതിനും യോഗം അഭ്യർത്ഥിച്ചു. യോഗത്തിൽ കെ. ഹസ്സൻഖാനി, ടി. എം. അബു, ജാഫർഖാൻ, എം. ജോർജ്ജ്, തോമസ് ബത്തേരി, എം. കെ. ഹസ്സൻമാസ്റ്റർ, കെ. എ. ഹസ്സൻ എന്നിവർ പ്രസംഗിച്ചു.

....o....

കമ്മ്യൂണിസ്റ്റ് ഇടതും വലതും

ഒരു നാണയത്തിന്റെ രണ്ടു പുറങ്ങൾ

— വി. ബി. കാർണിക് —

ഒരു "ഭാരത്ബന്ദി"ൽ ചെന്നവസാനിക്കുന്ന ബഹുജനസമരങ്ങൾ സംഘടിപ്പിക്കുക വഴിയാണു് വലതു കമ്മ്യൂണിസ്റ്റുകാർ തങ്ങളുടെ ലക്ഷ്യമായ, "ദേശീയജനാധിപത്യം" നേടാൻ ഉദ്ദേശിക്കുന്നതു്. ഈ പ്രവർത്തനങ്ങൾക്കു സംഘടിപ്പിക്കുന്നതിനു് ഐക്യമുന്നണി തന്ത്രങ്ങളിലൂടെ, കോൺഗ്രസ്സുകാരും കോൺഗ്രസ്സ് കമ്മിറ്റികളുമടക്കംകഴിയുന്നത്ര കമ്മ്യൂണിസ്റ്റേതര ജനവിഭാഗങ്ങളെ മുന്നിച്ചുനിന്നിരുത്തുകയാണു് അവരുടെ പരിപാടി. പക്ഷേ മറവള്ളവർ ഇതിൽ ചേന്നാലും ഇല്ലെങ്കിലും, "ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി, പ്രാദേശിക തലങ്ങളിലും അഖിലേന്ത്യാ തലത്തിലും അതിന്റെ സ്വതന്ത്രം നേടുതപ്പത്തിലുള്ള ബഹുജനപ്രകടനങ്ങളും ബഹുജനസമരങ്ങളും കൂടുതൽ കൂടുതൽ ഉയർത്തിപ്പിടിച്ചു് മുന്നോട്ടു കൊണ്ടുപോകും. അതിന്റെ അഖിലേന്ത്യാ സമരങ്ങളും, സത്യാഗ്രഹങ്ങളും 'ബന്ദു'കളും മുന്നോട്ടുകൊണ്ടുപോയി രാജ്യവ്യാപകവും സമാധാനപരവുമായ കർഷകമുന്നേറ്റങ്ങളോടു് യോജിപ്പിച്ചു് ഭാരത്ബന്ധിന്റെ ഘട്ടത്തിലെത്തിക്കും." ഇന്നാട്ടിൽ നടപ്പാക്കണമെന്നുദ്ദേശിക്കുന്ന ഈ രാഷ്ട്രീയപരിപാടിയുടെ നിവ്വചനം, അന്താരാഷ്ട്രീയസ്ഥിതിഗതികളുടെ വിശകലനത്തിലും സമാധാനപരമായ സഹവർത്തിതത്തിലുമാണു് അവർ ഊന്നിപ്പറയുന്നതു്. എങ്കിലും "സമാധാനപരമായ സഹവർത്തിതപത്തെന്നെ കസാത്ന്ത്ര്യവും ദേശീയ പുനരുദ്ധാനവും നേടിയെടുക്കാനും മുന്നോട്ടു പോകേണ്ടതുമാണു്," ഇതിൽനിന്നും വ്യക്തമാകുന്നതു് ദേശീയ സ്ഥിതിഗതികളെപ്പറ്റിയും അതിൽ കമ്മ്യൂണിസ്റ്റുകാക്കുള്ള കടമകളെപ്പറ്റിയും രണ്ടു ശ്രുപ്പുകാക്കിടയിൽ കാതലായ അഭിപ്രായവ്യത്യാസമൊന്നുമില്ലെന്നാണു്. ഒരേയൊരു വ്യത്യാസം പ്രകടമായി കാണപ്പെടുന്നതു് ഇതാണു്: ഇടതു കമ്മ്യൂണിസ്റ്റുകാർ തങ്ങളുടെ നിലപാടു് വളച്ചൊടിക്കലൊന്നും കൂടാതെ വെട്ടിത്തുറന്നു പറയുമ്പോൾ, വലതു കമ്മ്യൂണിസ്റ്റുകാർ വളഞ്ഞ വഴിയിൽകൂടി തന്ത്രപരമായ ഭാഷയുപയോഗിച്ചു് അതേ കാര്യം പറയുന്നു എങ്കിലും അവരുപയോഗിക്കുന്ന ഭാഷ, ഇന്ത്യ ഇനിയും സ്വതന്ത്രമായിട്ടില്ലെന്നു് അവർ വിശ്വസിക്കുന്നു എന്ന വസ്തുത മൂടിവെയ്ക്കുവാൻ സഹായിക്കുന്നില്ല. സാധാരണഗതിയിൽ, ഒരു സ്വതന്ത്ര ജനതയോടു് അവർ ഇനിയും സ്വതന്ത്രരായിട്ടില്ലെന്നും ഇപ്പോഴും വിദേശാധിപത്യത്തിനെതിരായ പോരാട്ടം തുടരണമെന്നും പറയുന്നതിനേക്കാൾ വലിയ അവഹേളനം മറ്റൊന്നുമില്ല. ഇടതു കമ്മ്യൂണിസ്റ്റുകാരും വലതു കമ്മ്യൂണിസ്റ്റുകാരും ഒരുപോലെ ഈ അവഹേളനം ഇന്ത്യൻ ജനതയുടെ മേൽ കോരിച്ചൊരിയുകയാണു്.

രണ്ടു പാട്ടികളേയും വേർതിരിച്ചു കാണരുതു്

ഇരുകൂട്ടരും കമ്മ്യൂണിസ്റ്റാദർശം മൂടിപ്പിടിക്കുന്നതാകയാൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപക്ഷങ്ങളുടേയും ദീർഘകാലവീക്ഷണവും ഹ്രസ്വകാലവീക്ഷണവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. വ്യത്യാസം വല്ലതുമുണ്ടെങ്കിൽ ഇന്നത്തെ തല്ലുകാലഘട്ടസ്ഥിതിയിൽ അനുവർത്തിക്കേണ്ടുന്ന തന്ത്രങ്ങളുടെ കാര്യത്തിൽ മാത്രമായിരിക്കും. ഇടതു കമ്മ്യൂണിസ്റ്റുകാരുടെ ഇന്നത്തെ തന്ത്രം കൂടുതൽ വിനാശകരവും അട്ടിമറിപ്പന്നമാണെന്ന കാര്യത്തിൽ സംശയമില്ല. അവരുടെ കണ്ണിൽ അതു വലതുകമ്മ്യൂണിസ്റ്റുകാരുടെ തന്ത്രങ്ങളെക്കാൾ വിപ്ലവാത്മകവുമാണു്. പക്ഷെ കമ്മ്യൂണിസ്റ്റ് തന്ത്രങ്ങളുടെ മാറിക്കൊണ്ടിരിക്കുന്നവയാണു്. വലതു കമ്മ്യൂണിസ്റ്റുകാരുടെ തന്ത്രം എന്നാണു് മാറാൻപോകുന്നതെന്നു് ആർക്കും കൃത്യമായി പറഞ്ഞുകൂടാ. വലതുകമ്മ്യൂണിസ്റ്റുകാർ സമാധാനപരമായമാർഗ്ഗങ്ങളിലോ പാർലമെന്ററി ജനാധിപത്യത്തിലോ വിശ്വസിക്കുന്നവരല്ല. 'സ്ഥിതിഗതികളിൽ ഉണ്ടാവാനിടയുള്ള എല്ലാ വളവുകളും തിരിവുകളും നേരിടാൻ' അവർ എപ്പോഴും തയാറായിരിക്കുകയാണു്. അങ്ങനെ ഏതെങ്കിലും ഒരു വളവോ തിരിവോ ഉണ്ടാകുമ്പോൾ തെല്ലും സംശയിച്ചുനില്ക്കാൻ മിനക്കെടാതെയും മാധ്യമപരമല്ലാത്ത മാർഗ്ഗങ്ങളിലേയ്ക്കും തൊഴിലാളിവർഗ്ഗത്തിനെ ഏകാധിപത്യത്തിലേക്കും തിരിയാൻ അവർക്കു് വിഷമമില്ല. അതുകൊണ്ടു് കമ്മ്യൂണിസ്റ്റുകാരുമായി നേരിട്ടുമ്പോൾ അവരുടെ തല്ലുകൊള്ളുത്തരവുകളുടെ പ്രവർത്തനങ്ങൾമാത്രം കണക്കിലെടുത്താൽപോരാ. അവരുടെടീർഘകാലലക്ഷ്യങ്ങളും പരിപാടികളും എന്തെന്നു് പരിഗണിക്കേണ്ടതു് ആവശ്യമാണു്. ഈ വെളിച്ചത്തിൽ നോക്കുമ്പോൾ ഗവർമ്മെന്റു് ഇടതുകമ്മ്യൂണിസ്റ്റുകാരെയും വലതുകമ്മ്യൂണിസ്റ്റുകാരേയും വേർതിരിച്ചു കാണുന്നതിനു് ഒട്ടും ന്യായമില്ലെന്നു മനസ്സിലാക്കാം. ആഭ്യന്തര ഭദ്രതയുടെ വീക്ഷണകോണിൽ നിന്നു നോക്കിയാൽ രണ്ടുകൂട്ടരും ഒരുപോലെ അപകടകാരികളാണു്. ബാഹ്യമായ ഭദ്രതയുടെ വീക്ഷണത്തിലാവട്ടെ രണ്ടുപേരും ഒരുപോലെ വിശ്വസിക്കാൻ കൊള്ളാത്തവരുമാണു്. ഒരു 'മോസ്കോദേശാഭിമാനി'ക്കു് 'പീക്കിങ്ങ് ദേശാഭിമാനി'യെക്കാൾ വലിയ കൂറൊന്നും ഇന്ത്യയോടുണ്ടാവാനിടയില്ല.

....o....

നിര്യാതനായി

പാളയംപറമ്പു്, ഏ. 26

വെണ്ണാർമിൽവീപ്പാടൻ തോമൻ ദേവസ്യയുടെപ്പ് (സ്വ. ലേ) തിരുവനന്തപുരം, ഏ. 26

തലസ്ഥാനത്തുനിന്നു്

സംസ്ഥാനത്തെ ആബ്കിക് അഭ്യുപകപ്രതിനിധികളും ഇന്നു് പേക്കാമീഷനംഗങ്ങളെക്കണ്ടു് ആബ്കിക് പണ്ഡിതകളുടെ ശമ്പള വ്യവസ്ഥകളും സംബന്ധിച്ചു നിവേദനം സമർപ്പിച്ചിരിക്കുന്നു. കഴിഞ്ഞ ആഗസ്റ്റിൽ സംസ്കൃത പണ്ഡിതന്മാക്കു് അനുവദിച്ച ആനുകൂല്യങ്ങളും ആബ്കിക് പോലുള്ള മറവ പൗരാണ്യ ഭാഷാധ്യാപകക്കു് നൽകിയിരിക്കുന്നു. ഇതു സംബന്ധിച്ചു് ഗ്രാൻറ്ഭപ്പിലോഡ്ജിൽ കൂടിയ അനുമോദനയോഗത്തിൽ യൂണിവേഴ്സിറ്റി പ്രസ്സ് സൂപ്രണ്ടു് ശ്രീ. ജി. സത്യദാസ് അദ്ധ്യക്ഷം വഹിച്ചു. അസോസിയേഷൻ അംഗങ്ങളും ശ്രീ. നടേശന്റെ സേവനങ്ങളെ പ്രകീർത്തിച്ചു സംസാരിച്ചു.

ഓട്ടുസാമാനങ്ങളുടെ നിർമ്മാണം

മാന്നാറിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ ഓട്ടുസാധനങ്ങളും നിർമ്മിക്കുന്നതിനു സംസ്ഥാന വ്യവസായവകുപ്പ് ഏർപ്പാടുചെയ്യുവരുന്നുണ്ടു്. വിശേ രാജ്യങ്ങളിലും ഇതരസംസ്ഥാനങ്ങളിലും വളരെയധികം ആവശ്യക്കാരുള്ള ഇനത്തിൽപ്പെട്ട കൗടുകസാധനങ്ങളും ഉപയോഗത്തിനുള്ള സാധനങ്ങളുമാണു് പ്രസ്തുത കേന്ദ്രത്തിൽ നിർമ്മിക്കുക.

യാത്രയയപ്പു്

വിദ്യാഭ്യാസവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയായി പ്രൊമോഷൻകിട്ടി സ്ഥലം മാറിപ്പോയ പ്രിൻസിപ്പൽ വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രീ. കെ. നടേശൻ ഗവണ്മെൻറ് പ്രസ്സ് ജീവനക്കാർ കേരള ഗവണ്മെൻറ് പ്രസ്സസ് എംപ്ലോയീസ് പ്രോഗ്രസ്സീവ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഏർപ്പാടുചെയ്ത യാത്രയയപ്പു് സമ്മേളനത്തിൽ വച്ചു നൽകുന്നു. ഇതു സംബന്ധിച്ചു് ഗ്രാൻറ്ഭപ്പിലോഡ്ജിൽ കൂടിയ അനുമോദനയോഗത്തിൽ യൂണിവേഴ്സിറ്റി പ്രസ്സ് സൂപ്രണ്ടു് ശ്രീ. ജി. സത്യദാസ് അദ്ധ്യക്ഷം വഹിച്ചു. അസോസിയേഷൻ അംഗങ്ങളും ശ്രീ. നടേശന്റെ സേവനങ്ങളെ പ്രകീർത്തിച്ചു സംസാരിച്ചു.

ഓട്ടുസാമാനങ്ങളുടെ നിർമ്മാണം

മാന്നാറിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ ഓട്ടുസാധനങ്ങളും നിർമ്മിക്കുന്നതിനു സംസ്ഥാന വ്യവസായവകുപ്പ് ഏർപ്പാടുചെയ്യുവരുന്നുണ്ടു്. വിശേ രാജ്യങ്ങളിലും ഇതരസംസ്ഥാനങ്ങളിലും വളരെയധികം ആവശ്യക്കാരുള്ള ഇനത്തിൽപ്പെട്ട കൗടുകസാധനങ്ങളും ഉപയോഗത്തിനുള്ള സാധനങ്ങളുമാണു് പ്രസ്തുത കേന്ദ്രത്തിൽ നിർമ്മിക്കുക.

കേന്ദ്ര-സംസ്ഥാനബന്ധം ആസൂത്രണ ബോർഡുകളും ഉടനടി ഏർപ്പെടുത്തണം

നാഷണൽ ഫൈവേകളും എല്ലാ പ്രധാന ടൂറിസ്റ്റു കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തണമെന്നു് എൻ. ഡി. സി. സമിതിയുടെ അഭിപ്രായം

ന്യൂഡൽഹി, ഏപ്രിൽ 27

നാലാം പഞ്ചവത്സരപദ്ധതിയിൽ രാജ്യത്തെ ഗതാഗത സമ്പ്രദായം വികസിപ്പിക്കേണ്ടതു് സമഗ്രമായ ഒരു ഗതാഗത ശൃംഖലയുടെ അവിഭാജ്യഭാഗങ്ങളായി വേണമെന്നും കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും ഗതാഗതത്തിന്റെ വികസനവും നടത്തിപ്പും സംബന്ധിച്ച ആസൂത്രണത്തിന്റെ അടിസ്ഥാനം ഈ സമീപനമായിരിക്കണമെന്നും വ്യവസായം, വിദ്യുച്ഛക്തി, ഗതാഗതം എന്നിവ സംബന്ധിച്ച എൻ. ഡി. സി. സമിതി അഭിപ്രായപ്പെട്ടിരിക്കുന്നു.

ഇന്നലെ ഇവിടെ പ്ലാനിംഗ് കമ്മീഷൻറെ ഡെപ്യൂട്ടി ചെയർമാൻ ശ്രീ. അശോകമേത്തയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമിതി നാലാംപഞ്ചവത്സരപദ്ധതിയിലെ ഗതാഗതപരിപാടികളും പരിഗണിച്ചു.

നാഷണൽ ഹൈവേകളുടെ വികസനം സംസ്ഥാനങ്ങളിലെ റോഡുകളുമായി കാര്യപ്രദമായ നിലയിലും പ്രാദേശികാടിസ്ഥാനത്തിലും ബന്ധപ്പെടുത്തണമെന്ന സമിതി അഭിപ്രായപ്പെട്ടു. റോഡ് ഗതാഗതം ആസൂത്രണം ചെയ്യുമ്പോൾ സാങ്കേതിക ശാസ്ത്രപരമായി ഉണ്ടായിട്ടുള്ള പുരോഗതി കണക്കിലെടുത്തുവേണം. ഇതുമൂലം റോഡുകൾക്കു് റെയിൽവേയുമായി ആരോഗ്യകരമായ മത്സരത്തിലേർപ്പെടാൻ കഴിയും. ഗതാഗതസൗകര്യത്തിൽ മാറ്റമുദ്ദേശിക്കുന്നിടത്തു് നൽകുന്നതിനു് കേന്ദ്ര-സംസ്ഥാനറോഡു് ആസൂത്രണബോർഡുകളും ഉടനടി ഏർപ്പെടുത്തണം. ഗ്രാമങ്ങളിൽ കമ്പോളങ്ങളിലേയ്ക്കുള്ള റോഡുകൾ വെട്ടുന്നതിനും കുന്നിൻപ്രദേശങ്ങളിൽ റോഡുകൾ ഏർപ്പെടുത്തുന്നതിനും ഒരു നിധി ഏർപ്പെടുത്തണമെന്നതാണു് മറ്റൊരു നിർദ്ദേശം.

ചെറുകിട തൂവ്യവസായങ്ങളുടെ വികസനത്തിനു് ആവശ്യമായ സാങ്കേതികജ്ഞാനം കേന്ദ്രം പരിശീലിപ്പിക്കണമെന്നു യോഗം അഭിപ്രായപ്പെട്ടു. എല്ലാ പ്രധാന തൂവ്യവസായങ്ങളും നാഷണൽ ഹൈവേകളുമായി ബന്ധിപ്പിക്കപ്പെടണം. വികസന സഹായത്തിന്റെ കാര്യത്തിൽ ഇടത്തരം തൂവ്യവസായങ്ങളെ പ്രത്യേകം പരിഗണിക്കണമെന്നാണു് സമിതിയുടെ അഭിപ്രായം.

.....

ലിയോ തെർട്ടീന്ത് ഹൈസ്കൂൾ പ്ലാറ്റിനം ജൂബിലി

3 ദിവസത്തെ പരിപാടികളോടെ സമാപിച്ചു

ആലപ്പുഴ, ഏ 26

ആലപ്പുഴ ലിയോ തെർട്ടീന്ത് ഹൈസ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ഇക്കഴിഞ്ഞ ദിവസങ്ങളിൽ ആഘോഷിക്കുകയുണ്ടായി 23-ാംതിയതി രാവിലെ കൊച്ചി ബിഷപ്പ് ഡോ. അലക്സാണ്ടർ ഏബഞ്ചു് തിരുമേനി സ്കൂൾ പതാകയുയർത്തിക്കൊണ്ടു് ആരംഭിച്ച ആഘോഷങ്ങൾ മൂന്നുദിവസം നീണ്ടുനിന്നു. ഈ ദിവസങ്ങളിൽ വിവിധ കലാകായികമത്സരങ്ങൾ നടത്തപ്പെടുകയുണ്ടായി. ഡിസംബർ

പൊതുമേഖലയിലെ ഉരുക്കുനിർമ്മാണശാലകൾ

ആയിരക്കണക്കിന് സാങ്കേതിക വിദഗ്ദ്ധരായ ജോലിക്കാരെ തേടുന്നു

ന്യൂഡൽഹി, ഏപ്രിൽ 27

നാലാം പദ്ധതിക്കാലത്ത് പൊതുമേഖലയിലെ ഉരുക്കുനിർമ്മാണശാലകൾക്ക് വേണ്ടത്ര സാങ്കേതിക ജോലിക്കാരെ ലഭ്യമാക്കുന്നതിന് ഉരുക്ക്-ഖനി വകുപ്പ് നടപടികൾ എടുത്തു തുടങ്ങിയിരിക്കുന്നു.

അടുത്ത പദ്ധതിയിൽ ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡിനു 725 എഞ്ചിനീയർമാരെയും 2600 ഡിപ്ലോമക്കാരെയും 13000 മറ്റു സാങ്കേതിക ജോലിക്കാരേയും വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്.

എഞ്ചിനീയറിങ്ങ് വിദ്യാർത്ഥികൾക്കു വേതനത്തോടെ പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി ഏർപ്പെടുത്തിക്കഴിഞ്ഞു. 'രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു 150 ൽ പരം എഞ്ചിനീയറിങ്ങ് ബിരുദധാരികളെ തിരഞ്ഞെടുത്തു കഴിഞ്ഞ മദ്ധ്യവേനൽ കഴിവുകാലത്തു ആദ്യഘട്ടമായ എട്ടാഴ്ചത്തെ പരിശീലനം നൽകുകയുണ്ടായി. ഈ വർഷം വേനൽക്കാലത്തു അവർ പരിശീലനത്തിന്റെ രണ്ടാംഘട്ടം പൂർത്തിയാക്കുന്നതാണു്. ഇതുമൂലം ബിരുദധാരികളായ എഞ്ചിനീയർമാരുടെ പരിശീലനകാലം 24 മാസത്തിൽനിന്നു 12 മാസമായി കുറയ്ക്കുവാൻ കഴിയും.

മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് ഡിഗ്രി കോഴ്സിനു 'ഫൊറസ്റ്റ് മൈറലർജി' ഒരു വിഷയമായി ഏർപ്പെടുത്തണമെന്നു വിദ്യാഭ്യാസവകുപ്പിനോടു് ആവശ്യപ്പെട്ടിട്ടുണ്ട്. ഡിപ്ലോമ തലത്തിൽ പ്രത്യേക കോഴ്സുകൾ ഏർപ്പെടുത്തണമെന്നും ഉരുക്കുനിർമ്മാണശാലകൾക്കു് സമീപം അനുയോജ്യമായ പോളിടെക്നിക്കുകൾ സ്ഥാപിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. ഇപ്പോഴുള്ള എക്സിക്യൂട്ടീവ് ജോലിക്കാരുടേയും പുതിയ ജോലിക്കാരുടേയും പരിശീലനത്തിനു് ഇന്ത്യൻ് മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് സംരംഭങ്ങളും തമ്മിൽ ഏതെല്ലാം മണ്ഡലങ്ങളിൽ സഹകരിക്കാമെന്നു പരിശോധിക്കുന്നതിനു് ഒരു കമ്മറിറി രൂപീകരിച്ചിട്ടുണ്ടു്. മൂന്നാംപദ്ധതി ആരംഭിച്ചതിനുശേഷം ഹിന്ദുസ്ഥാൻ സ്റ്റീൽ 500 എഞ്ചിനീയറിങ്ങ് ബിരുദധാരികളേയും വേറെ 3850 സാങ്കേതിക ജോലിക്കാരേയും തിരഞ്ഞെടുത്തു കഴിഞ്ഞു.

1962-ൽ 81 എഞ്ചിനീയർമാരും 12 സാങ്കേതിക ജോലിക്കാരും 1963ൽ 55 എഞ്ചിനീയർമാരും 21 സാങ്കേതിക ജോലിക്കാരും 1964-ൽ 67 എഞ്ചിനീയർമാരും 9 സാങ്കേതിക ജോലിക്കാരും വിദേശങ്ങളിൽ പരിശീലനം കഴിക്കുകയുണ്ടായി. ബ്രിട്ടൻ, ഓസ്ട്രിയ, റഷ്യ, ജർമ്മനി ഉരുക്കുനിർമ്മാണശാലകളുടെ വിപുലീകരണത്തിനു് 800 എഞ്ചിനീയർമാരേയും 2500 സാങ്കേതിക ജോലിക്കാരേയും ആവശ്യമായിവരുമെന്നു് കണക്കാക്കപ്പെട്ടുന്നു.

....o....

വാർഷികങ്ങൾ

[സ്വ. ലേ]

മണലൂർ ഏ. 26

മണലൂർ കോൺവെൻറിലെ സൊഡാലിറ്റി സംഘടനയുടെ വാർഷികയോഗം റവ. ഫാദർ അബ്രഹാം മാമ്പുള്ളിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗാനന്തരം സി. എൽ. ജോസിന്റെ 'പൊള്ളുന്ന പരമാർത്ഥം' എന്ന നാടകവും ഉണ്ടായിരുന്നു.

പറപ്പൂക്കര ഏ. 26

തൊട്ടിപ്പാൾ ഗ്രാമീണ കലാസമിതി വാർഷികം മേയ് 1-നു നടത്തപ്പെടുന്നതാണു്. യോഗത്തിൽ എം. ശങ്കരമേനോൻ, സി. ജി. ജനാർദ്ദനൻ എന്നിവർ പങ്കെടുക്കും. യോഗാനന്തരം കലാസമിതിയുടെ 'യൂദാസ്' എന്ന സമൂഹസംഗീതനാടകം അവതരിപ്പിക്കും.

രാപ്പാൾ-ബ്രദേഴ്സ് ക്ലബ്ബിന്റെ വാർഷികം അടുത്ത മേയ് 2-നു ഞായറാഴ്ച ആഘോഷിക്കുന്നതാണു്. യോഗാനന്തരം കെ. എസ്സ്. ജോർജ്ജ് (കെ. പി. എ. സി.) ആൻഡ് പാർട്ടിയുടെ കഥാപ്രസംഗവും ഗാനമേളയും ഉണ്ടായിരിക്കും.

1,500 കി. ഗ്രാം തൂക്കമുള്ള മത്സ്യം

ന്യൂഡൽഹി, ഏ 27

സോവ്യറ്റ് റഷ്യയിലെ 'ഗ്രേനവനി' എന്ന കപ്പലിലെ ജോലിക്കാർ "താമൂസ്" സമുദ്രത്തിൽനിന്നും വളരെ വലുതായ ഒരു മത്സ്യം പിടിച്ചിരിക്കുന്നതായി റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഈ മത്സ്യത്തിനു് 4 മീറ്ററിലധികം നീളവും 2 മീറ്റർ വീതിയും ഏകദേശം 1500 കി. ഗ്രാം തൂക്കവുമുണ്ട്. ഇതുവരെ കാണപ്പെട്ടിട്ടുള്ളതിൽവച്ചു് ഏറ്റവും വലുതായ ഈ മത്സ്യത്തിന്റെ ഒരു കണ്ണിനുമാത്രം 7 കിലോഗ്രാം തൂക്കമുണ്ടു്.

....o....

സിറാലിയോൺ പ്രധാനമന്ത്രിക്കു് ശാസ്ത്രിയുടെ സന്ദേശം

സിറാലിയോണിന്റെ ദേശീയദിനം പ്രമാണിച്ചു് ആ രാജ്യത്തിന്റെ പ്രധാനമന്ത്രിക്കു് പ്രധാനമന്ത്രി ശ്രീ. ലാൽ ബഹദൂർ ശാസ്ത്രി ഒരു അഭിവാദനസന്ദേശം അയച്ചുകൊടുത്തിരിക്കുന്നു.

....o....

കോഴിക്കോ് ഏ. 26

കോഴിക്കോ്-തെക്കേമുറി യുവജനസംഘടന (വൈ. എം. ഏ.) യുടെ ഒരു ഏകദിനപരിപാടി കഴിഞ്ഞദിവസം വിവിധപരിപാടികളോടുകൂടി നടത്തപ്പെട്ടു. വർഗ്ഗീസ് ഒ. അബ്രഹാം എഴുതിയ 'സ്നേഹം നിറച്ച കുഴിമാടം' എന്ന സംഗീതനാടകം, കോഴിക്കോ് സിസ്റ്റേഴ്സിന്റെ നൃത്തകലാപ്രകടനം. എടതുവ വൈ. എം. ഏ. മ്യൂസിക്കൽ ക്ലബ്ബംഗങ്ങളുടെ ഗാനമേള എന്നിവ പ്രസ്തുത പരിപാടികൾക്കു് മോടികൂട്ടി. എം. സി. കുഞ്ചെറിയാ, ജോളി കുമാർ, കെ. വി. മാത്യു എന്നിവർ പ്രസംഗിച്ചു.

എടതുവ ഏ. 26

എടതുവ സൺഡേസ്കൂളിന്റെയും മരിയൻ ഗിൽഡിന്റെയും സംയുക്തവാർഷികം 1965 ഏപ്രിൽ 25-നു് എടതുവ സെൻറ്റ്-ജോസ്സ് ഹൈസ്കൂൾ ഹാളിൽ നടന്നു.

എം. കെ. ജോസഫ്, നെടുങ്കുന്നം അദ്ധ്യക്ഷതവഹിച്ച ജെയിംസ് കെ. സി. മണിമല വി. എൽ. തോമാസ് എന്നിവർ പ്രസംഗിച്ചു

സി. എൽ. ജോസിന്റെ 'കുരിശുമരിച്ചവളിച്ചം' എന്ന സംഗീത നാടകം മരിയൻ ഗിൽഡ് കലാസമിതി അവതരിപ്പിച്ചു സമ്മേളനത്തിൽ വേദപാഠ പരീക്ഷയിൽ വിജയികളായവർക്ക് സമ്മാനങ്ങളും സർട്ടിഫിക്കറ്റും നൽകപ്പെട്ടു.

— —

ബന്ധുങ്ങ് തത്വങ്ങളും പ്രസംഗിക്കുമ്പോൾതന്നെ മറുവശത്ത് പടയൊരുക്കുന്നു

ചൈനാമെയിൽ' ചൈനയെ കുറ്റപ്പെടുത്തുന്നു

ന്യൂഡൽഹി ഏപ്രിൽ 27

ബന്ദുങ് തത്വങ്ങൾക്കു് അധരസേവ ചെയ്യുന്നുണ്ടെങ്കിലും ആ തത്വങ്ങൾക്കു് കടകവിരുദ്ധമായ നയങ്ങളാണ് ചൈനയും അതിന്റെ പുത്തൻ സഖികളും പിന്തുടർന്നുവരുന്നതെന്നു് ഫോക്കോങ് പത്രമായ ചൈനാ മെയിൽ കുറ്റപ്പെടുത്തിയിരിക്കുന്നു.

പത്രം പറയുന്നു: 'ലോകത്തു് സമാധാനം നിലനിറുത്തുന്നതിനു് കണ്ണംബന്ദുങ് സമ്മേളനം 10 തത്വങ്ങൾ ആവിഷ്ക്കരിക്കുകയുണ്ടായി. മനുഷ്യവികാരങ്ങളെയും വലുതും ചെറുതുമായ രാഷ്ട്രങ്ങളുടെ പരമാധികാരത്തെയും മാനിക്കുക, മറ്റു രാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ കൈകടത്താതിരിക്കുക എന്നിവയിൽപെടും. പക്ഷേ പീക്കിങ് ഈ തത്വങ്ങളോ്ക്കു ലംഘിച്ചിട്ടുണ്ട്. ഇന്ത്യയുടെയും തിബെത്തിനേയും നേരെ നടത്തിയ ആക്രമണത്തെത്തുടർന്നു് കമ്മ്യൂണിസ്റ്റ് ആക്രമണത്തിനെതിരായി ആക്രമണാത്മകമായ പ്രചരണവും നടത്തിവരികയാണല്ലോ.

— —

ആക്ഷേപങ്ങളും ആവശ്യങ്ങളും

എറണാകുളം ഡി. എം. ഒ. യുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ മന്ദാംകിടാ ആസ്പത്രികളിൽ മന്ദാണ് എറണാകുളം ഡിസ്ട്രിക്ട് ആസ്പത്രി. ഇരുപതും മുപ്പതും മൈൽ അകലെനിന്നുപോലും രോഗികൾ ധാരാളമായി അവിടെ അഭയം പ്രാപിച്ചുവരുന്നു. ഇവിടുത്തെ ബഡ്സുക്കാർക്കു രോഗികളെ സന്ദർശിക്കുന്നുള്ള സമയം രാവിലെയും നാലുമണിക്കുശേഷവുമാണ്. സമീപപ്രദേശക്കാർക്കു ഇതുമൂലം വളരെ അസൗകര്യങ്ങളൊന്നുമില്ല. പക്ഷേ, കാവുകലൈനിന്നു വരുന്നവർ കൂടുതൽ ബുദ്ധിമുട്ടുകയും അന്നേദിവസം അവിടെ കഴിച്ചുകൂട്ടേണ്ടിവരികയും ചെയ്യുന്നു. സന്ദർശനം കഴിഞ്ഞു വീട്ടിലെത്താൻ വണ്ടിയോ ബോട്ടോ ആശ്രയിക്കേണ്ട വക്താണു് ഈ ദുരിതമെന്നു വന്നുകൂടുന്നു.

മുൻകാലത്തു എറണാകുളം ആസ്പത്രിയിൽ പകൽ പതിനൊന്നുമണിക്കു സന്ദർശനാനുവാദമുണ്ടായിരുന്നതായി കേൾക്കുന്നു. ഇന്നത്തെ സന്ദർശകരുണ്ടാകുന്ന ബുദ്ധിമുട്ടു് അന്നുണ്ടായിരുന്നില്ലെന്നുള്ള വസ്തുത അധികാരികളുടെ ശ്രദ്ധയിൽപെടുത്തുകയാണിപ്പോൾ. വൈകുന്നേരത്തെ സന്ദർശനസമയത്തിന്റെ ദൈർഘ്യം അല്പം കുറച്ചാലും ഉച്ചയ്ക്കുമുമ്പു ഒരു മണിക്കൂറെങ്കിലും സന്ദർശനത്തിനു അനുവദിക്കുകയാണെങ്കിൽ അന്യദിക്കുകളിൽനിന്നുവരുന്നവർക്കു അതൊരു വലിയ അനുഗ്രഹമായിരിക്കും.

എറണാകുളം
21-4-65 (ഒരു സന്ദർശകൻ)

....

ഹിന്ദിഅദ്ധ്യാപകരെ നിയമിക്കാൻ 2കോടി ക. കേന്ദ്രം സഹായം നൽകി

കേരളത്തിനു് 46 ലക്ഷം ക. കിട്ടിയെന്നു്

ന്യൂഡൽഹി ഏ. 27

പ്രൈമറി സ്കൂളും, മിഡിൽസ്കൂളും, ഹൈസ്കൂളും, ഹയർസെക്കണ്ടറിസ്കൂളും എന്നീ തലങ്ങളിൽ ഹിന്ദി അദ്ധ്യാപകരെ നിയമിക്കുന്നതിനു് 1964-65-ലേയ്ക്കു് ആന്ധ്രാപ്രദേശ്, ആസ്സാം, കേരളം, ഒറീസ്സ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനസർക്കാരുകൾക്കു് കേന്ദ്ര വിദ്യാഭ്യാസവകുപ്പു് മൊത്തം 19087954 ക. ധനസഹായമനുവദിച്ചിരിക്കുന്നു.

1963-64-ലെ കഴിഞ്ഞ ഉപഭോഗസംസ്ഥാനം തിരിച്ചുള്ള കണക്കനുസരിച്ചാണു് ഈ തുക വീതിച്ചുകൊടുക്കുന്നതു്: ആന്ധ്രാപ്രദേശ് 1608600 ക., ആസ്സാം 176706 ക., ഗുജറാത്തു് 453564 ക., കേരളം 4610631 ക., മദിരാശി 5864740 ക., മൈസൂർ 5953159 ക., ഒറീസ്സ 140554 ക., പശ്ചിമബംഗാൾ 280000 ക.

ഈ പദ്ധതിയനുസരിച്ചു്, ഈയിനത്തിലുള്ള ചെലവു മുഴുവൻ ധനസഹായമായി ഗവണ്മെണ്ടു് നൽകുന്നു.

....

ബാലവാഡിക്ലാസുകൾക്ക് സഹായധനം

പറപ്പൂക്കര, ഏ. 26

ഇരിങ്ങാലക്കുട വികസനബ്ലോക്കിൽ നിന്നു് നന്തിക്കര, പൊഞ്ഞനം, മാടായിക്കോണം എന്നീ മഹിളാസമാജങ്ങൾക്കു് തുന്നൽമിഷ്യൻ വാങ്ങുന്നതിനു് 125 ക വീതം അനുവദിച്ചു. മുരിയാടു്, നന്തിക്കര, കിഴത്താനി, കാറളം, പറപ്പൂക്കര, എന്നീ മഹിളാസമാജങ്ങൾക്കു് ബാലവാഡിക്ലാസ്സുകൾ തുടങ്ങാൻ 100 രൂപവീതവും ബ്ലോക്കിൽനിന്നു നൽകപ്പെട്ടു. പുരമെ വിളവുമത്സരം നടത്തിയതിനും മെച്ചമായി വിളയിച്ചുവിറ്റ കർഷകർക്കു സമ്മാനംനൽകുക, രോഗബാധക്കെതിരായി മരുന്നുകൾതെളിക്കുക, പച്ചിലവളങ്ങളും കൂട്ടുവളങ്ങളുംനിർമ്മിക്കാൻ പ്രോത്സാഹനംനൽകുക, നല്ലയിനം തൈകൾ വിതരണംചെയ്യുക തുടങ്ങിവിവിധപ്രവർത്തനങ്ങൾക്കും സഹായങ്ങളും നല്കുന്നുണ്ടു്.

....o....

മി. മോകിസ്ലിം ഇന്നു് ഇന്ത്യയിലെത്തുന്നു

ന്യൂഡൽഹി, ഏ. 27

ഉണ്ണിഷ്യയിലെ വകുപ്പില്ലാമന്ത്രിയും ഉണ്ണിഷ്യൻ പ്രസിഡണ്ടിന്റെ പ്രത്യേക പ്രതിനിധിയുമായ മി. മോകിസ്ലിം നാളെമുതൽ മെയ് 5 വരെ ഇന്ത്യ സന്ദർശിക്കുന്നതാണു്.

തലസ്ഥാന നഗരിയിലെ താമസക്കാലത്തു് അദ്ദേഹം രാഷ്ട്രപതി, പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, പ്ലാനിംഗ് കമ്മീഷന്റെ ഡെപ്യൂട്ടിചെയർമാൻ എന്നിവരുമായി സംഭാഷണങ്ങളും നടത്തും. പാർലിമെണ്ടു്, നാഷണൽ മ്യൂസിയം, ഇന്ത്യൻ സാംസ്കാരികബന്ധകൗൺസിൽ എന്നിവ സന്ദർശിക്കുകയും ചെയ്യും. നങ്കൽ, ചണ്ഡിഗർ, ആഗ്ര, ഫത്തേപൂർസിക്രി, ബോംബെ, അജന്ത-എല്ലോറ ഗ്രഹകം എന്നിവ സന്ദർശിക്കുന്നതു് അദ്ദേഹത്തിന്റെ പരിപാടിയിൽ പെടുന്നു.

—

സമ്മർ കോഴ്സ് സമാപിച്ചു

അങ്കമാലി ഏ. 16

അങ്കമാലി ഫൊറോനാ അടിസ്ഥാനത്തിൽ ഹോളിഫാമിലി സ്കൂളിൽ നടത്തിവന്ന സമ്മർകോഴ്സ് ഇന്നലെ

വൈവാഹികം

ശ്രേസ്യ-പൌലോസ്

ചാലക്കുടി, ഏ. 26

കമ്മേഴ്സ്യൽ ടൈൽ ഫാക്ടറിയാ നേജിംഗ് ഡയറക്ടറായ പി. പി. ദേവസ്സിയുടെ പുത്രനും ബോംബെയിൽ ഒരു മെറൽബോക്സ് കമ്പനി മാനേജരുമായ പി. ഡി. പൌലോസും [എം. എ.] ഇടപ്പള്ളി സ്വദേശിയും പുറണാകുളം സെൻറ് ആൽബർട്ടസ് കോളേജ് പ്രൊഫസറുമായ ഏ. പി. മത്തായിടെ പുത്രി ഏ. എം ശ്രേസ്യ (എം. എ.)യുമായുള്ള വിവാഹം നടന്നിരിക്കുന്നു.

ഐഷാബീഗം-കബീർ

എങ്ങണ്ടിയൂർ ഏ. 26

സ്ഥലത്തെ കയനയിൽ സെയ്യുവിന്റെ മകൻ പി. കെ. കബീറും പുന്നയൂക്കുള്ള കല്ലയിൽ അമ്മുണ്ണി അവാവുടെ മകനും ഐഷാബീഗവും തമ്മിലുള്ള വിവാഹം പുന്നയൂക്കുള്ളവച്ചു സമംഗളം നടന്നിരിക്കുന്നു.

റോസി-ലോനപ്പൻ

കല്ലേറുംകര ഏ. 27

മരത്താക്കര കോനിക്കായിലെ അന്തോണി മകൻ ലോനപ്പനും കല്ലേറുംകരയിലെ ഒരു പുരാതനകുടുംബാംഗമായ തച്ചപ്പറമ്പൻ പൈലോതു മകനും റോസ്സിയും തമ്മിലുള്ള വിവാഹം ഇന്നലെ കല്ലേറുംകര ഉണ്ണിമിശിഹാ പള്ളിയിൽവെച്ചു് റവ. ഫാ. ജോസഫ് അക്കരയുടെ കാർമികത്വത്തിൽ കല്ലേറുംകര പള്ളിയിൽവെച്ചു നടന്നിരിക്കുന്നു.

ഇന്ദിര-എൻ. എൻ. മംഗലം

വൈന്തല ഏ. 26

വൈന്തല ഹൈസ്കൂളിലെ മദ്ധ്യാപകനായ എൻ. എൻ. മംഗലവും, കുറ്റിത്താനുള്ള പഴയിടത്തില്ലത്തു് മാധവൻ നമ്പൂതിരിയുടെ മകനും ഇന്ദിരയും തമ്മിലുള്ള വിവാഹം വരൻറെ ഇല്ലത്തുവച്ചു നടന്നിരിക്കുന്നു. വിവാഹം പ്രമാണിച്ചു വരൻറെ വകയായി വൈന്തല ഹൈസ്കൂളിൽവച്ചു നടത്തപ്പെട്ട തേയിലസല്ക്കാരത്തിൽ ഒട്ടേറെപേർ സംബന്ധിച്ചിരുന്നു. സ്വ. ലേ.

മരിയക്കുട്ടി-മത്തായി

നടവയൽ ഏ. 27

പുനേലിൽ കുഞ്ഞവറുഗീസ് മകൻ മത്തായിയും കണ്ടത്തുക്കോരുതു് മകൾ മറിയക്കുട്ടിയും തമ്മിലുള്ള വിവാഹം ഇന്നലെ [തിങ്കളാഴ്ച] നടവയൽ മാർസ്ലീവാ പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു. തത്സംബന്ധമായി വീട്ടിൽവച്ചുനടന്ന സദ്യസല്ക്കാരങ്ങളിൽ ബന്ധുമിത്രാദികളടക്കം വളരെപേർ സംബന്ധിച്ചു.

കുഞ്ഞേത്തി-ജോൺസൺ

തൃശ്ശൂർ ഏ. 26

ലാസ്സർ കരിയൻ ആന്റ് കമ്പനിയുടെ മാനേജിങ്ങ് പാർട്ടണറായ പൂഞ്ഞത്തിൽ ജോസഫ് കരിയൻറെ പുത്രി കുമാരി കുഞ്ഞേത്തിയും ക്ലനംപ്ലാവ് ദേവസ്സിയുടെ പുത്രൻ ജോൺസനും തമ്മിലുള്ള വിവാഹം ഇന്നലെ കാലത്തു് 10 മണിക്ക നെല്ലിക്കുന്നു് മാർ തിമോത്തിയോസ് ചാപ്പലിൽവെച്ചു് സമംഗളം നടന്നിരിക്കുന്നു. വിവാഹത്തോടനുബന്ധിച്ചു ചേലക്കോട്ടുകരയിലുള്ള വധൂഗൃഹത്തിൽവെച്ചു നടന്ന ഡിന്നറിനു ശേഷം നവദമ്പതികൾ പര്യവസാനിച്ചു. ഫൊറോനായിൽപ്പെട്ട വിവിധ ഇടവകകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 78 ആട്ടക്കാരും ഈ കോഴ്സിൽ സംബന്ധിച്ചു.

സത്യസന്ധനാഷണം, ക്ലാരക്കും, ആരാധനാക്രമം, മതബോധനം, മതബോധനരീതി, മതബോധനോപകരണങ്ങൾ, ബൈബിൾ, ബൈബിൾ വായന, ബൈബിൾ പഠനം, ബൈബിൾ കഥകൾ, ബൈബിൾ ചിത്രങ്ങൾ, ബൈബിൾ നാടകം, ബൈബിൾ ഗാനങ്ങൾ, ബൈബിൾ ക്വിസ്, ബൈബിൾ ഡ്രാമ, ബൈബിൾ ഫിലിം, ബൈബിൾ ഫിലിം സ്ട്രിപ്പ്, ബൈബിൾ ഫിലിം സ്ലൈഡ്, ബൈബിൾ ഫിലിം ഷോ, ബൈബിൾ ഫിലിം ഷോ സ്ലൈഡ്, ബൈബിൾ ഫിലിം ഷോ സ്ട്രിപ്പ്, ബൈബിൾ ഫിലിം ഷോ സ്ലൈഡ് സ്ട്രിപ്പ്, ബൈബിൾ ഫിലിം ഷോ സ്ലൈഡ് സ്ട്രിപ്പ് സ്ലൈഡ്, ബൈബിൾ ഫിലിം ഷോ സ്ലൈഡ് സ്ട്രിപ്പ് സ്ലൈഡ് സ്ട്രിപ്പ്, ബൈബിൾ ഫിലിം ഷോ സ്ലൈഡ് സ്ട്രിപ്പ് സ്ലൈഡ് സ്ട്രിപ്പ് സ്ലൈഡ്, ബൈബിൾ ഫിലിം ഷോ സ്ലൈഡ് സ്ട്രിപ്പ് സ്ലൈഡ് സ്ട്രിപ്പ് സ്ലൈഡ് സ്ട്രിപ്പ്, ബൈബിൾ ഫിലിം ഷോ സ്ലൈഡ് സ്ട്രിപ്പ് സ്ലൈഡ് സ്ട്രിപ്പ് സ്ലൈഡ് സ്ട്രിപ്പ് സ്ലൈഡ്, ബൈബിൾ ഫിലിം ഷോ സ്ലൈഡ് സ്ട്രിപ്പ്

കാർഷികോല്പാദനവർ ദ്ധനയ്ക്ക് 53 ലക്ഷം ക

കേന്ദ്രത്തിന്റെ അധീഷനൽ സഹായത്തെപ്പറ്റി അഡൈസർ പ്രസാദ്

[പി ടി ഐ] തിരു. ഏ. 27

കാഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കും മറ്റേതാനും ചില പ്രവർത്തനങ്ങൾക്കുമായി ഈ വർഷത്തേക്ക് കേന്ദ്രത്തിൽനിന്നും 53 ലക്ഷം രൂപ കൂടുതലായി അനുവദിച്ചിരിക്കുന്നു.

ഡൽഹിയിൽനിന്നും ഇന്നിവിടെ മടങ്ങിയെത്തിയ അഡൈസർ ശ്രീ. ആർ. പ്രസാദ് ആണ് ഈ വിവരമറിയിച്ചത്.

വിദ്യുച്ഛക്തിക്കുമാത്രമായി ഈ വർഷത്തേക്ക് സംസ്ഥാനത്തിന് കൂടുതൽസംഖ്യ ലഭിക്കുമോ എന്ന് പത്രലേഖകർ ചോദിച്ചു. കേരളത്തിന്നുവേണ്ടി യുള്ള ഈ വർഷത്തെ ബഡ്ജറ്റ് ഇതിനകം പാർല്ലമെന്റിൽ സമർപ്പിച്ചകഴിഞ്ഞുവെന്നും മി. പ്രസാദ് പറഞ്ഞു. ബഡ്ജറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതിൽ നിന്നും എന്തെങ്കിലും മാറ്റം വരുത്തുവാൻ സാദ്ധ്യതയില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. എന്നാൽ കൂടുതൽ ധനവിധിയോഗത്തെപ്പറ്റി പരിഗണിക്കുകയും അത്തരം ചിലവുകളെ സംബന്ധിച്ച് ഇന്ത്യാഗവർമ്മെണ്ടിനു ബോദ്ധ്യം വരികയാണെങ്കിൽ പിന്നീട് ഉപധനാഭ്യർത്ഥനകൾ കൊണ്ടുവരികയും ചെയ്യുമെന്നും അഡൈസർ പറഞ്ഞു. കേരള ബഡ്ജറ് പാർല്ലമെന്റിൽ അവതരിപ്പിച്ചതിനാൽ, കാഷികോൽപാദനവർദ്ധനാപദ്ധതികൾ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി കേന്ദ്രത്തിൽനിന്നും പ്രത്യേകസഹായമായി 53 ലക്ഷം രൂപ ലഭിക്കുന്നതാണ്. മറ്റു വികസനവകുപ്പുകളെ സംബന്ധിച്ച് സംസ്ഥാനഗവർമ്മെണ്ട് കേന്ദ്രത്തിലേക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതായിരിക്കും.

അരിറേഷൻ

അരി റേഷൻ വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി പത്രലേഖകർ ചോദിച്ചു. ഇപ്പോൾ ദൽഹിയിലുള്ള ശ്രീ വണ്ണർ, കേന്ദ്രഭക്ഷ്യമന്ത്രിയുമായി സംസ്ഥാനത്തെ ഭക്ഷ്യനിലയെപ്പറ്റി സംസാരിക്കുന്നതായിരിക്കും, ഭക്ഷ്യമന്ത്രികാര്യാലയത്തിലെ ഉദ്യോഗസ്ഥന്മാരുമായി താൻ സംഭാഷണം നടത്തിക്കഴിഞ്ഞതെന്നും കാലവർഷപ്രമാണിച്ച് സംസ്ഥാനത്തെ പെറിയ തുറമുഖങ്ങൾ ഉപയോഗിക്കുവാൻ പറ്റാതാകുന്നതിനാൽ മേയ് മദ്ധ്യത്തിനു മുമ്പ് കേരളത്തിലേക്ക കഴിയുന്നതു അരിയും ഗോതമ്പും എത്തിക്കുന്നതിനാണ് പ്രാധാന്യം നൽകുന്നതെന്നും പ്രസാദ് പറഞ്ഞു. റേഷനിൽ എതു കണ്ട് വർദ്ധിപ്പിക്കണമെന്ന പ്രശ്നം കുറച്ചുകഴിഞ്ഞാലും പരിഗണിക്കുന്നതായിരിക്കും.

കൺസാൽട്ടേറ്റീവ് കമ്മറ്റി

കേരളത്തിൽ കഴിഞ്ഞ പ്രസിഡണ്ട് ഭരണകാലത്ത് സംഘടിപ്പിച്ചുവെച്ചിരുന്ന വിധത്തിൽ കേന്ദ്രത്തിൽ പാർല്ലമെന്റ് മെമ്പർമാരുടെ ഒരു കൺസാൾട്ടേറ്റീവ് കമ്മറ്റി സംഘടിപ്പിക്കുന്നതാണെന്നും ആ ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു.

വ്യവസായം, വിദ്യുച്ഛക്തി, ടൂറിസ്റ്റ് എന്നീ കാര്യങ്ങളും കൈകാര്യം ചെയ്യുന്നതിനായുള്ള ദേശീയവികസന കൌൺസിലിന്റെ കമ്മറ്റി യോഗത്തിൽ മി. പ്രസാദ് സംബന്ധിച്ചിരുന്നു. അഖിലേന്ത്യാ അടിസ്ഥാനത്തിൽ നാലാംപദ്ധതിക്കാലത്തു് ഈ മേഖലകളിലെ പ്ലാനിങ്ങിനോടു് ബന്ധപ്പെട്ടകാര്യങ്ങളാണ് കമ്മറ്റിയിൽ ചർച്ച ചെയ്തതെന്നു് മി. പ്രസാദ് പറഞ്ഞു. സംസ്ഥാനഗവർമ്മെണ്ടു്, നാലാംപദ്ധതിസംബന്ധിച്ചു് സമർപ്പിച്ചിരിക്കുന്ന പ്രാഥമികമെമ്മോറാണ്ടം പ്ലാനിംഗ് കമ്മീഷൻ ചർച്ചക്കു് എടുക്കുമ്പോളാണു് സംസ്ഥാനത്തിന്റെ പ്രത്യേക പദ്ധതികൾ കൈകാര്യം ചെയ്യുകയുള്ളു. ഈ ചർച്ച മേയ്മാസത്തിലൊ ജൂണിലൊ നടക്കും എന്നും അദ്ദേഹം പറഞ്ഞു.

രാഷ്ട്രപതിയുടെ സന്ദർശനം

കേരള ഗവർണ്ണരുടെ മറ്റൊരു ഉപദേഷ്ടാവായി ശ്രീ. എൻ. ഇ. എസ്. രാഘവാചാരി മേയ് 7-ാംതിയതിയോടുകൂടി ചാർജ്ജേടുക്കുന്നതായിരിക്കുമെന്നും മി. പ്രസാദ് അറിയിച്ചു.

.....

തൃശ്ശൂർ വാർത്തകൾ

[സ്വ. ലേ.] ഏപ്രിൽ 26

തൃശ്ശൂർ പടിഞ്ഞാറെ കോട്ട പേഷ്സ്കാഫീസിൽ സേവിംഗ്സ് സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു.

രാജാ രവിവർമ്മയുടെ ജന്മദിനാഘോഷം

രാജാ രവിവർമ്മയുടെ ജന്മദിനം കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 29-ാംതീയതി വ്യാഴാഴ്ച വൈകുന്നേരം 5 മണിക്കു തൃശ്ശൂർ ടൗൺ ഹാളിൽവച്ചു് സുചിന്തിമായി ആഘോഷിക്കുന്നതാണ്. ഇതു സംബന്ധിച്ചു് ചേരുന്ന പൊതുയോഗത്തിൽ ശ്രീ. കെ. പി. കേശവമേനോൻ അദ്ധ്യക്ഷം വഹിക്കുന്നതാണ്. തദവസരത്തിൽ രാജാ രവിവർമ്മ, രാമവർമ്മരാജാ, ഹാസ്സൻ മരക്കാർ എന്നിവരുടെ ജായാപടങ്ങൾ യഥാക്രമം ശ്രീ. പത്തേഴത്തു് രാമൻമേനോൻ, പ്രൊഫസർ ഏം. പി. മന്മഥൻ, ഡോ. പി. വി. നായർ എന്നിവർ അനാച്ഛാദനം ചെയ്യുന്നതായിരിക്കും.

ഹരിജനങ്ങൾക്കു ഭവനനിർമ്മാണത്തിനു് സഹായം

പട്ടിക ജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും വീടുപണിയുന്നതിനു് 1000 രൂപാ വീതം സഹായധനമായി നൽകുന്ന പദ്ധതിയനുസരിച്ചു് ഈ ആനുകൂല്യത്തിനായവരിൽനിന്നു് തൃശ്ശൂർജില്ലാ വെൽഫെയർ ആഫീസർ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. ഇതനുസരിച്ചു് തൃശ്ശൂർ ജില്ലയിൽനിന്നുള്ള അപേക്ഷകൾ മേയ് 31-ാംതീയതിക്കകം അതാതു താലൂക്ക് വെൽഫെയർ ഇൻസ്പെക്ടർക്ക് കിട്ടത്തക്കവിധം അയച്ചിരിക്കേണ്ടതാണ്. അപേക്ഷിക്കുന്നതിനുള്ള മാതൃകാ ഫാറം താലൂക്ക് വെൽഫെയർ ഇൻസ്പെക്ടർമാരുടെ ആഫീസുകളിൽനിന്നു് ലഭിക്കും. അപേക്ഷകനെ സംബന്ധിക്കുന്ന പൂർണ്ണ വിവരങ്ങളും അപേക്ഷയിൽ കാണിച്ചിരിക്കേണ്ടതാണ്.

തപാൽ സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങളുടെ പലിശ വർദ്ധിപ്പിച്ചു

തപാൽ സേവിംഗ്സ് ബാങ്കിലെ നിക്ഷേപങ്ങളുടെ പലിശ നിരക്കു വർദ്ധിപ്പിച്ചിരിക്കുന്നു. ഇതനുസരിച്ചു വ്യക്തികളുടെ കറക്കു കൂട്ടായുള്ള നിക്ഷേപങ്ങൾക്ക 4 ശതമാനം വീതവും പബ്ലിക്ക് അക്കൗണ്ടുകൾക്ക മൂന്നര ശതമാനവും പലിശ ലഭിക്കുന്നതായിരിക്കും.

എടത്വാ-തകഴിറോഡിന്റെ പണി ഉടനെ പൂർത്തിയാക്കണം

[സ്വ. ലേ. എടത്വാ, ഏ. 25

35 ലക്ഷത്തിൽപരം രൂപാ ചിലവാക്കി നിർമ്മിച്ചതും കഷ്ടിച്ച് നാലുമൈൽ നീളം മാത്രമുള്ളതുമായ എടത്വാ-തകഴി റോഡും, അതിനെ ഘടിപ്പിക്കുന്നതും ലക്ഷക്കണക്കിനു രൂപാ മുടക്കി പണിതീർത്തിട്ടുള്ളതുമായ 4 പാലങ്ങളും തകർന്നും സഞ്ചാരയോഗ്യമല്ലാതെയും ഉപേക്ഷിക്കപ്പെട്ട നിലയിലും കിടക്കുകയാണ്. പ്രസ്തുത റോഡിൻറേയും പാലങ്ങളുടേയും പണികൾ എതയും വേഗം തീർത്തു കിട്ടുന്നതിനു് ബന്ധപ്പെട്ട അധികാരികളെ കണ്ടു് നിവേദനങ്ങൾ നടത്തുന്നതിലേക്കായി തലവടി, എടത്വാ, തകഴി പഞ്ചായത്തുകളുടെ ഒരു സംയുക്തയോഗം എടത്വാപഞ്ചായത്താഫീസിൽ വച്ചു് കൂടുന്നതിനും ടി പഞ്ചായത്തുകളെ ക്ഷണിക്കുന്നതിനും ഇന്നുകൂടിയ എടത്വാ പഞ്ചായത്തു കമ്മറ്റി തീരുമാനിച്ചിരിക്കുന്നു.

.....

കേരളാ കോൺഗ്രസ്സ് യോഗങ്ങൾ

വൈന്തല ഏ, 26

കേരളാകോൺഗ്രസിന്റെ ഒരു യോഗം എം. കെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ വാളയം പറമ്പിൽവച്ചു കൂടുകയും മാത്തച്ചൻ എം. കുരുവിനാകുന്നേൽ, വാഴൂർ എം. കെ. ജോസഫ്, അഡ്വക്കേറ്റ് പി. കെ. ഇട്ടപ്പ് തുടങ്ങിയവർ പ്രസംഗിക്കുകയുണ്ടായി. ജോസ് മാപ്രേക്കൽ സ്വാഗതം പറഞ്ഞു.

മറ്റൊരിടത്തേക്കു കേരളാ കോൺഗ്രസ് യോഗത്തിൽ കുരുവിനാകുന്നേൽ, വാഴൂർ എം. കെ. ജോസഫ് പി. കെ. ഇട്ടപ്പ്, എം. കെ. ജോസഫ്, ജോസ് മാപ്രേക്കൽ തുടങ്ങിയവർ പ്രസംഗിച്ച വിവിധ കലാപരിപാടികളുണ്ടായിരുന്നു.

....

Printed and Published by Paul Mulappilla for the A. C. P Institute at the Thozhilali Press Trichur.

മാർക്കറ്റ്

ഏപ്രിൽ 27

തൃശ്ശൂർ

വെളിച്ചെണ്ണ (കപ്പലണ്ടി)		390-00
കൊപ്ര പുകയാത്ത	,,	260-00
പിണ്ണാക്ക്	,,	68-00
കശുവണ്ടി	,,	365-00
കുരുമുളക്	,,	81-00
മുക്ക്		....
മഞ്ഞൾ	,,	....
വെള്ളാവി പൂര് (20 കിലോ)		....
കിളിപൂര്	,,	....
അയലോൺ തെ. (50 കിലോ)		....
,, ഏരുശൽ	,,	....
പൂൽതൈലം	,,	....
അണ്ടി	കപ്പലണ്ടി	....

ആലപ്പുഴ

വെളിച്ചെണ്ണ	കപ്പലണ്ടി (ക്ലീൻ)	378-00
അണ്ടിപ്പരിപ്പ്		380-00
,, കന്നാംഅവുധി	,,	336-25
,, രണ്ടാംഅവുധി	,,	331-50
കൊപ്ര പുകയാത്ത		260-00
,, രണ്ടാം അവുധി	,,	331-50
കൊപ്ര പുകയാത്ത		260-00
,, രണ്ടാം അവുധി	,,	246-00
കുരുമുളക്		350-00
മഞ്ഞൾ		175-00
കൊട്ട പാക്ക്		400-00
കയർ അഞ്ചുതെങ്ങ്		120-00
,,	ആലപ്പുഴ	110-00
,,	ആറാട്ടുപുഴ	105-00
,,	അഷ്ടമുടി	110-00
,,	മങ്കൊമ്പ്	

കൊച്ചി

വെളിച്ചെണ്ണ (കപ്പലണ്ടിയുടെ)	392-80
,, കന്നാം അവുധി	337-25
,, രണ്ടാം അവുധി	333-75
കൊപ്ര പുകയാത്ത	263-00
,, തെളിവ്	208-00
പിണ്ണാക്ക്	60-00
കുരുമുളക്	365-00
മഞ്ഞൾ [മടൽപ്പുറം]	415-50
കുരുമുളക്	335-50
,, വരവ് മേനി	340-00
,, തെക്കൻ	110-00
കുപ്പിവെള്ളി	110-00
മുക്ക്	600-00
മഞ്ഞൾ	340-00
കൊട്ടത്തേങ്ങ	320-00
പൂൽതൈലം	600-00

....o....

ഒരു പുതിയ വെളിച്ചപ്പാട്

(സ്വ. ലേ) മുക്കാട്ടു്, ഏ. 25

മുക്കാട്ടു് അങ്ങാടിയിലുള്ള ഒരു തെയ്യലടെ കടയിൽനിന്നു് പട്ടാപ്പകൽ വിലപ്പിടിച്ച കുറെ തുണി കളുപയോഗിച്ചിരിക്കുന്നു. പിറേറടി വസം നടക്കുന്ന കല്യാണാവശ്യത്തിനായി തയിക്കാൻ കൊടുത്ത ഈ തുണി തലേദിവസം ഉച്ചക്ക് ഒരു യുവതി സൂത്രത്തിൽ തട്ടിയെടുക്കുകയാണത്രെ ഉണ്ടായതു്. അവരും ഒരു മൺപണിക്കാരിയായിരുന്നു. തയിക്കാനായി 'ടൈലർ തുണി അന്വേഷിച്ചപ്പോളാണ് അതു് കാണാതായ കഥ അറിഞ്ഞതു്. പാടത്തുനിന്നു മണ്ണെടുക്കുന്ന ചില സ്ത്രീകളും കടയിൽ വന്നിരുന്നുവെന്നും അവരിലാരെങ്കിലും തുണിയെടുത്തിട്ടുണ്ടാകുമെന്നും ചിലർക്ക് സംശയം തോന്നി. അതിനെ തുടർന്ന് ആളുകളും അന്വേഷണം ഊർജ്ജിതമായി നടത്തി. തൻറെ നില പ്രതീക്ഷിച്ചില്ലെന്ന മനസ്സിലാക്കിയ തുണിമോഷ്ടിച്ച യുവതി തുണി തിരിച്ചുകൊടുക്കാൻ നിർബ്ബന്ധിക്കപ്പെട്ടു. എങ്കിലും അവർ ഒരു സൂത്രം പ്രയോഗിച്ച ഇന്നലെ ആ സ്ത്രീ ഉള്ളി കല്ലിക്കുകയും വസ്ത്രം ഒരു പ്രത്യേക സ്ഥലത്തു കഴിയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിക്കുകയും ചെയ്തുകൊണ്ടാണ് ഇതു തിരിച്ചുനല്കുന്നറിയിച്ചതു്. സാധുവായ ടൈലർ കല്യാണാവശ്യത്തിന് ഉടമസ്ഥക്ക് അതേ തരത്തിലുള്ള തുണിതന്നെ വാങ്ങിക്കൊടുക്കേണ്ടിവന്നു എന്നതാണ് കഷ്ടം.

.....

മൗദ്യോഗിക മൊത്ത വില സൂചിക ഉയർന്നു

ന്യൂദൽഹി, ഏപ്രിൽ 25

1965 ഏപ്രിൽ 3-ാംദിന അവസാനിച്ച ആഴ്ച ഔദ്യോഗിക മൊത്തവില സൂചിക തൊട്ടുമുമ്പത്തെ ആഴ്ചയിലേക്കാൾ 0.5 ശതമാനം ഉയർന്ന് 151.9 ആയെന്ന് ഇന്ത്യാഗവർമ്മെണ്ടിന്റെ സാമ്പത്തികോപദേഷ്ടാവ് ഒരു പ്രസ് നോട്ടിൽ പറയുന്നു. മുൻ മാസത്തേയും മുൻ വർഷത്തേയും ഇതേ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ യഥാക്രമം 0.7 ശതമാനം കുറവും 9.3 ശതമാനം കൂടുതലും ആണിതു്.

.....

പതിനായിരം വളണ്ടിയർമാരെ നൽകാമെന്ന് വിദ്യാർത്ഥിസംഘടന

സ്വ. ലേ എറണാകുളം, ഏ. 27

നമ്മുടെ അതിർത്തികളിൽ പാക്കിസ്ഥാനും ചൈനയും നടത്തുന്ന സൈനീകനീക്കങ്ങളെ നേരിടുന്നതിനായിപതിനായിരം വിദ്യാർത്ഥി വോളണ്ടിയർമാരുടെ സേവനം നൽകാൻ തന്റെ സംഘടന തയ്യാറാണെന്നു് ദേശീയ വിദ്യാർത്ഥിസംഘടനയുടെ ജനറൽ സെക്രട്ടറി ശ്രീ. ജോർജ് വർഗ്ഗീസ് ഇന്നു് പാപ്പട്ടെവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ പറയുന്നു.

—

എൻജിനിയറിംഗ് തൊഴിലുകളിൽ പരിശീലനം

എറണാകുളം ഏ. 27

ചെറുകിടവ്യവസായങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഏറ്റവുമാന്യരെ ഉല്പാദനകേന്ദ്രത്തിൽ ജൂൺ 1 മുതൽ വെൽഡിംഗിൽ മൂന്നു മാസവും ഫിറ്റിംഗ് പ്രാക്ടീസ്, ടർണിംഗ് പ്രാക്ടീസ്, മെഷീൻ ഷോപ്പ് പ്രാക്ടീസ്, ബ്ലോക്ക്സ്മിത്തി എന്നിവയിൽ ആറുമാസവും പരിശീലനം നൽകുന്നതാണ്. പരിശീലനകാലത്തു 40 രൂ. വീതം സ്റ്റൈപ്പൻഡുകൊടുക്കപ്പെടും.

അപേക്ഷകർക്ക് ഇംഗ്ലീഷ്, എലിമെൻററി സയൻസ്ഗണിതം എന്നിവയിൽ സാമാന്യ ജ്ഞാനവും അതാതു തൊഴിലിൽ ഒരു കൈപ്പത്തെയെങ്കിലും പരിചയം ഉണ്ടായിരിക്കണം. പേരും, മേൽവിലാസം, വിദ്യാഭ്യാസയോഗ്യതകം, ജോലിപരിചയം, പ്രായം, ജോലി ചെയ്യുന്ന ഘടകത്തിന്റെ രജിസ്റ്റർ നമ്പർ തുടങ്ങിയ വിവരങ്ങൾ കാണിച്ച് കേന്ദ്രത്തിന്റെ അസിസ്റ്റൻറ് ഡയറക്ടർക്ക് എഴുതിയാൽ അപേക്ഷാ ഫോറങ്ങൾ കിട്ടും. മേയ് 10 ആണ് അപേക്ഷകൾ സ്വീകരിക്കുന്ന അവസാനതീയതി.

—

ഏജൻസി അറിയിപ്പ്


മട്ടാഞ്ചേരിയിലെ മുൻ ഏജൻറ് ശ്രീ. സി. ടി. ശിവാനന്ദനു് പകരം ശ്രീ. ടി. ജെ. ജെയിംസിനെ ഏപ്രിൽ മുതൽ മട്ടാഞ്ചേരി 'തൊഴിലാളി' ഏജൻറായി നിയമിച്ചിരിക്കുന്നു.

എന്നു്,

സർക്കുലേഷൻ മാനേജർ

—

മൂന്നാം ചരമവാർഷികം



കളത്തിങ്കൽ കൊച്ചുപൌലോസ് മകൻ ജെസി.

കൊടകര.

ജനനം: 1-10-1127

മരണം: 15-10-1137

ടേയാപരനായ ഈശോയെ ജെസിയുടെ ആത്മാവിനു് നിത്യശാന്തി നല്കണമെ

കഴിഞ്ഞ മാസത്തിൽ 133 കമ്പനികൾ ഇന്ത്യയിൽ റജിസ്റ്റർചെയ്തു

118 എണ്ണം സ്വകാര്യ മേഖലയിലും 15 എണ്ണം പൊതുമേഖലയിലുമാണെന്നു്—കേരളത്തിലെ ഒരു പഞ്ചസാര ഫാക്ടറിയും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു

ന്യൂഡൽഹി, ഏ. 27

1965 മാർച്ചു് മാസം ഇന്ത്യയിൽ 20.81 കോടി രൂപയുടെ അധികൃത മൂലധനത്തോടുകൂടിയ പുതിയ 133 കമ്പനികൾ റജിസ്റ്റർചെയ്യപ്പെട്ടകയുണ്ടായി. ഇതിൽ 15 എണ്ണം പൊതുക്കമ്പനികളും ബാക്കി സ്വകാര്യകമ്പനികളുമാണു്.

1965 ഫെബ്രുവരിയിൽ 20.79 കോടി രൂപയുടെ അധികൃത മൂലധനത്തോടുകൂടിയ 109 കമ്പനികളാണു്. രജിസ്റ്റർ ചെയ്യപ്പെട്ടതു്. 1964 മാർച്ചിൽ 39.26 കോടി രൂപയുടെ അധികൃത മൂലധനത്തോടുകൂടിയ 120 കമ്പനികൾക്കു രൂപംകൊടുത്തിരുന്നു.

1964-65-ൽ ഇന്ത്യയിൽ ആകെ 1366 പുതിയ കമ്പനികൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. 1963-64-നെ അപേക്ഷിച്ചു് 139 കമ്പനികൾ അധികം. 1955 മാർച്ചുമാസം 12 വൻകിട കമ്പനികൾ രജിസ്റ്റർചെയ്യപ്പെട്ടു. കേരളത്തിലെ ശ്രീസായ് മഹാരാജ് പൾപ്പ് ആൻറ് പേപ്പർ മിൽസ് ലിമിറേഡ് ആണ് ഇതിലൊന്നു്.

1965 മാർച്ചിൽ രജിസ്റ്റർചെയ്ത കമ്പനികളിൽ പതിനെണ്ണം ധനകാര്യസ്ഥാപനങ്ങളും ബ്രോക്കറേജ് യന്ത്രങ്ങളും നിർമ്മിക്കുന്നതിനുള്ള കമ്പനികളും ആണു്. ഭക്ഷ്യേതര ഉല്പന്നങ്ങളുടെ മൊത്തവ്യാപാരത്തിനു് എട്ടു കമ്പനികളുംഇരുമ്പും ഉരുക്കും നിർമ്മിക്കുന്നതിനു് ആറു കമ്പനികളു, തോട്ടവ്യവസായങ്ങൾക്കും ഒഴികെയുള്ള കൃഷിക വൃത്തികളിൽ ഏർപ്പെടുന്നതിനു് അഞ്ചു കമ്പനികളും ഉദ്ദേശിക്കുന്നു. കൺസൾട്ടിംഗ് എഞ്ചിനീയർമാർ, വാസ്തുശില്പികം എന്നിവരെപ്പോലെ ബിസിനസ്സ് സർവ്വീസ്സിനുതന്നെയുള്ളവരുടെയാണ് അഞ്ചു കമ്പനികം.

പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കമ്പനികളിൽ 92 എണ്ണം ഡയറക്ടർബോർഡിനേറയും 38 എണ്ണം മാനേജിംഗ് ഡയറക്ടർമാരുടേയും മാരോകമ്പനിവീതം മാനേജിംഗ് എജൻറുമാരുടേയും സെക്രട്ടറിമാരുടെയും ട്രസ്റ്റർമാരുടേയും നിയന്ത്രണത്തിലാണ്, ഒരു കമ്പനിമാത്രം കാര്യങ്ങം നോക്കിനടത്തുന്നതിനു് മാനേജരെ നിയമിച്ചിട്ടുണ്ട്.

....

വളംസംബന്ധിച്ച് മൂന്നംഗപഠനസംഘം

ജപ്പാൻ, അമേരിക്ക, ബ്രിട്ടൻ എന്നിവ സന്ദർശിക്കുന്നു

ന്യൂഡൽഹി, ഏ 25

നാലാം പഞ്ചവത്സര പദ്ധതിക്കാലത്തു് വിദേശനാണ്യം ചെലവുചെയ്യുന്ന കാര്യങ്ങളുടെ മുൻഗണനാവിന്റെ പശ്ചാത്തലത്തിൽവളങ്ങളുടെ വർദ്ധമാനമായ ഉപയോഗത്തിന്, ആസൂത്രണം നടത്തുവാൻ കേന്ദ്ര കൃഷ്യ-കൃഷി വകുപ്പ് ഒരു മൂന്നംഗപഠന സംഘത്തെ ജപ്പാൻ, ബ്രിട്ടൻ, അമേരിക്ക എന്നീ രാജ്യങ്ങളിലേക്ക് അയച്ചിരിക്കുന്നു.

കേന്ദ്ര കൃഷിവകുപ്പ് ജോയിൻറ് സെക്രട്ടറി ഡോ: എ. ജെ. നായ്ഡുവിന്റെ നേതൃത്വത്തിൽ ഉള്ള ഈ സംഘത്തിലെ മറേറംഗങ്ങം സാമൂഹ്യവികസന-സഹകരണവകുപ്പ് ജോയിൻറ് സെക്രട്ടറി ശ്രീ. എൻ. പി. ചാറേർജി, ആന്ധ്രാപ്രദേശ് കൃഷി ഡയറക്ടർ ശ്രീ. സി. സി. റെഡ്ഡി എന്നിവരാണ്. വളം ഉല്പാദനം, വിപണനം, വിതരണം എന്നിവയുടെ എല്ലാ വശങ്ങളും സംഘം പഠിക്കുന്നതാണ്. ഓഫീസ്സറുമാരുടെ പഠിഫ് സെക്രട്ടറി ശ്രീ. ബി. ശിവറാമിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുള്ളവിദഗ്ദ്ധസമിതിയുടെ അനുപദ്ധതിയിൽ ഈ പഠനസംഘത്തിന്റെ റിപ്പോർട്ട് സുപ്രധാനമായൊരു കണ്ണിയായിരിക്കും.

സംഘം 1965 മേയ് അവസാനമോ ജൂണിയിൽ തിരിച്ചെത്തുന്നതാണ്. തുടർന്നു് സമിതി റിപ്പോർട്ട് സമർപ്പിക്കുന്നതുമാണ്.

....

യാത്രയയപ്പ്

വെളിയന്നൂർ ഏ. 26

വെളിയന്നൂർ ഫൈൻ ആർട്ട്സ് ക്ലബ്ബിന്റെ ഒരു യോഗം പ്രസിഡണ്ട് പി. ടി. ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടി ക്ലബ്ബിന്റെ സിക്രട്ടറിയായിരുന്ന പി. വി. ജോയി ഉദ്യോഗാർത്ഥം സ്ഥലം വിട്ടുന്നതു് പ്രമാണിച്ചു സമുചിതമായ ഒരു യാത്രയയപ്പ് യോഗത്തിൽ വെച്ചു് നടന്നു. ജോയിയുടെ പുതിയ ഉദ്യോഗത്തിൽ അനുമോദിച്ചുകൊണ്ടു് ആന്റണി ചിറക്കരോൻ, എം. കെ. ഗോപാലൻ, കെ. ബാലകൃഷ്ണൻ, പി. പൌലോസ്, എ. എം. ഹംസ, ടി. കെ. കുട്ടൻ എന്നിവർ പ്രസംഗിച്ചു. ജോയി തനിക്കു തന്ന യാത്രയയപ്പിനു് നന്ദി രേഖപ്പെടുത്തിക്കൊണ്ടു് മറുപടി പറഞ്ഞു. ക്ലബ്ബിന്റെ പുതിയ സിക്രട്ടറിയായി പി. എൽ ദേവസ്സിയെ ഐക്യകണ്ഠേന തിരഞ്ഞെടുത്തു.

യോഗാനന്തരം ചായസല്ക്കാരവും ഗ്രൂപ്പ് ഫോട്ടോ എടുക്കലും ഉണ്ടായി.

—

ജില്ലയിലെ ഭവനനിർമ്മാണപദ്ധതി

കഴിഞ്ഞ വർഷം രണ്ടര ലക്ഷം രൂപാ ചിലവഴിച്ചു

തൃശ്ശൂർ, ഏപ്രിൽ 27

ഭവനനിർമ്മാണ പദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കായി തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 2,57,126 രൂപാ ചിലവു് ചെയ്യുകയുണ്ടായി. അതിൽ 1,48,925 രൂപാ താഴ്ന്നവരുമാനക്കാർക്കുള്ള ഹൗസിങ്ങ് സ്കീമിനുവേണ്ടിയാണ് ചിലവഴിച്ചതു്. 74,450 രൂപാ ഗ്രാമീണ ഭവനനിർമ്മാണപദ്ധതിയനുസരിച്ചും 13,368 രൂപാ നഗരാസൂത്രണത്തിനും 12,492 രൂപാ സൊറിൽമെൻറ് സ്കീമിനും 5,822 രൂപാ സഹകരണ കോളനൈസേഷൻ പദ്ധതിക്കും, 2065 രൂപാ നിർധനക്കുള്ള ഭവനനിർമ്മാണപദ്ധതിക്കും വേണ്ടി വിനിയോഗിച്ചു.

ടോക്കിയോയിൽ അമേ. വിജ്ഞാപനം

ഒരു മണിക്കൂർ ഗതാഗതം സ്തംഭിച്ചു

[പി. ടി ഐ.] ടോക്കിയോ ഏ. 27

അമേരിക്കയുടെ വിയറ്റ്നാം നടപടിക്കെതിരായി ഇന്നലെ ജപ്പാനിലെ ജനാധിപത്യത്തിനുള്ള ഗിൽസാഭാഗ്യത്തിന്റെ പ്രകടനം നടത്തിയ പതിനായിരത്തോളംപേർ ഒരു മണിക്കൂറോളം ഗതാഗതം സ്തംഭിപ്പിച്ചു. തുടർന്ന് പോലീസ് പ്രകടനക്കാരുമായി ഏറ്റുമുട്ടി.

വടക്കൻ വിയറ്റ്നാമിലെ അമേരിക്കൻ ബോമ്പേറിൽ പ്രതിഷേധിച്ചുകൊണ്ടും, വിയറ്റ്നാമിൽനിന്നു അമേരിക്ക പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടും പ്രകടനക്കാർ ഏതാണ്ടു് രാത്രി മുഴുവൻ തെരുവ്ഥികളിൽ സർപ്പന്തം നടത്തി.

സപ്പന്തം തടയുവാനും, പ്രകടനക്കാരെ വ്ഥികളുടെ ഒരു ഭാഗത്തേക്ക് മാറ്റുവാനുള്ള പോലീസ് ശ്രമത്തെത്തുടർന്നുണ്ടായ ഏറ്റുമുട്ടലിൽ ആക്കെകിലും പരിക്ക് പറ്റിയതായി അറിവില്ല.

ഗതാഗതം സ്തംഭിപ്പിച്ചതിനും പൊലീസ് 12 പേരെ കസ്റ്റഡിയിൽ എടുത്തു. കരിമുഖപക്ഷ തീവ്രവാദി സംഘടനയായ അങ്കാകമന്നിലെ അംഗങ്ങളായ വിദ്യാർത്ഥികളാണ് അവർ.

....

ഹിന്ദുമതത്തിൽനിന്നു മാറിയാൽ ഇന്ത്യൻ പൌരത്വം നഷ്ടപ്പെടുമത്രെ!

ഹിന്ദുമഹാസഭാ ഭ്രാന്തന്മാരുടെ കണ്ടുപിടുത്തം!

(പി. ടി ഐ) പാട്ന, ഏ. 27

പാക്കിസ്ഥാനിൽനിന്നും ചീനയിൽനിന്നുമുള്ള ആക്രമണങ്ങളേയും യുദ്ധഭീഷണികളേയും നേരിടാൻവേണ്ടി ഉണർത്തുപ്രവർത്തിക്കുവാനാഹ്വാനംചെയ്തുകൊണ്ടു് ഒരു ഹിന്ദുമഹാസഭാ ജനറൽ സെക്രട്ടറി ഇന്നലെ പാട്നയിൽ പ്രസ്താവിച്ചു. ഹിന്ദുമതത്തിൽനിന്നു മാറുന്നവർക്കു് ഇന്ത്യൻ പൌരത്വം നഷ്ടപ്പെടുന്നതിനോടു് തുല്യമാണെന്നുകൂടി ഹിന്ദുമഹാസഭയ്ക്കു് അഭിപ്രായമുണ്ടു്.

ഇന്